കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19


കേരള സംസ്ഥാന ഓഡിറ്റ്
തിരുവനനന്തപുരം ജില്ലാ

ജോയിന്റ് ഡയറക്ടറുടെ കാര്യാലയം

e-mail:lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം./ജി.പി.3/39/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,തീയതി: 02.06.2020

ഫോൺ. 0471 2331231

ഇ-മെയിൽ lfadtvm@yahoo.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 3 ലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം/ജി.പി.3/39/2020 തീയതി: 02.06.2020

## തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10.11.2018 മുതൽ 13.11.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് അന്വേഷണങ്ങൾക്ക് ലഭ്യമാക്കിയ മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ഷാജഹാൻ. എം,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 09.12.2019 മുതൽ 18.12.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. ലതകുമാരി. എം,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി. ബിന്ദുലത. ബി.പി.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. അനിഷ. എസ്.ബി,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീമതി. ജയലക്ഷ്മി. ബി.കെ.,<br>സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. വിനുകുമാർ. പി.കെ, ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. രവി. | 01.04.2018 മുതൽ 31.03.2019വരെ |
| സെക്രട്ടറി | ശ്രീമതി. ലത. എൽ. | 01.04.2018 മുതൽ 16.04.2018 വരെ, |
| | ശ്രീ. അനൂപ് മോഹൻ, ജൂനിയർ സൂപ്രണ്ട് (ഇൻ ചാർജ്ജ്) | 17.04.2018 മുതൽ 26.04.2018 വരെ |
| | ശ്രീമതി. ലത. എൽ. | 27.04.2018 മുതൽ 18.06.2018 വരെ, |
| | ശ്രീ. അനൂപ് മോഹൻ, ജൂനിയർ സൂപ്രണ്ട് (ഇൻ ചാർജ്ജ്) | 19.06.2018 മുതൽ 31.07.2018 വരെ |
| | ശ്രീ. സജീവ് ലാൽ | 01.08.2018 മുതൽ 31.03.2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. രമ്യ. ആർ. എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ, സർക്കിൾ – എ | ശ്രീ. ജയകുമാർ | 01.04.2018 മുതൽ 31.03.2019 വ.രെ |
| വി.ഇ.ഒ, സർക്കിൾ – ബി | ശ്രീ. ജയകുമാർ (ഇൻ-ചാർജ്ജ്) | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ഷീജാമോൾ എസ്. | 01.04.2018 മുതൽ 13.06.2018 വരെ |
| | ശ്രീമതി. സുജി. ആർ.എസ്. | 14.06.2018 മുതൽ 13.03.2019 വരെ |
| എം.ഒ, പി.എച്ച്.സി. | ഡോ. ആശ രാജൻ. എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| എം.ഒ. ഹോമിയോ | ഡോ. സിമി സാരംഗ് | 01.04.2018 മുതൽ 20.07.2018 വരെ |
| | ഡോ. വീണ | 21.07.2018 മുതൽ 31.03.2019 വരെ |
| എം.ഒ. ആയുർവേദം | ഡോ. ഗ്ലാഡി ഹാൽവിൻ | 01.04.2018 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ. ഈശ്വരപിള്ള | 01.04.18 മുതൽ 31.03.2019 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. ശിവപ്രിയ | 01.04.18 മുതൽ 31.03.2019 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി. ശിവാംബിക | 01.04.2018 മുതൽ 03.07.2018 വരെ |
| | [illegible] | [illegible] |

| | | |
|---|---|---|
| | ശ്രീ. സനൽ കുമാർ | 04.07.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം. | ശ്രീമതി. ലതകുമാരി | 01.04.2018 മുതൽ 31.03.2019 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമപദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ഭരണ സമിതി യോഗമിനിട്സുകൾ ലഭ്യമായില്ല. | 1-12 |
| 13 | ഭരണസമിതി തീരുമാനങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് അവലോകനം ചെയ്യുന്നില്ല. | 1-13 |
| 14 | വരവിനെക്കാൾ കൂടുതൽ ചെലവ്- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്. | 1-14 |
| 15 | നിഷ്ക്രിയ അക്കൗണ്ടുകൾ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ് | 1-15 |
| 16 | രസീത് പരിശോധന- അപാകതകൾ | 1-16 |
| 17 | വസ്തുനികുതി കണക്കാക്കിയതിലെ അപാകത- സംബന്ധിച്ച് | 1-17 |
| 18 | FATEOS ലൈസൻസ് പുതുക്കുന്നില്ല, രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-18 |
| 19 | തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച, വരുമാന നഷ്ടം ഉണ്ടാകുന്നു. | 1-19 |
| 20 | ട്യൂട്ടോറിയൽ രജിസ്ട്രേഷൻ നടപടിക്രമം പാലിക്കുന്നില്ല | 1-20 |
| 21 | റേഷൻ ഷോപ്പുകൾ ലൈസൻസ് എടുക്കുന്നില്ല, തൊഴിൽ നികുതി അടയ്ക്കുന്നില്ല | 1-21 |
| 22 | ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൌണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല. | 1-22 |
| 23 | മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്തിട്ടില്ല | 1-23 |
| 24 | വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ പാലിച്ചിട്ടില്ല. | 1-24 |
| 25 | മുൻകൂറുകൾ 3 മാസ കാലയളവിനുള്ളിൽ ക്രമീകരിക്കുന്നില്ല | 1-25 |
| 26 | പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്തപരിശോധന നടത്തേണ്ടതാണ്. | 1-26 |
| 27 | IKM-വിഹിതം-അധികം നല്കി. | 1-27 |
| 28 | ഇ.എം.എസ് ലോൺ തുക ഒടുക്കിയില്ല | 1-28 |

| | | |
|---|---|---|
| 29 | പൈപ്പ് ലൈൻ നീട്ടൽ പദ്ധതി -അപാകങ്ങൾ. | 1-29 |
| 30 | ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല. | 1-30 |
| 31 | അങ്കണവാടികൾക്കായി ഭൂമിവാങ്ങൽ പദ്ധതി -അപാകങ്ങൾ | 1-31 |
| 32 | പഞ്ചായത്ത് ആർജിച്ച വസ്തു സൗജന്യമായി കയ്യൊഴിയാനുള്ള തീരുമാനം ചട്ടപ്രകാരമല്ല – വസ്തുതകൾ ബോദ്ധ്യപ്പെടുത്തി സർക്കാർ അനുമതി തേടേണ്ടതാണ് | 1-32 |
| 33 | ക്ഷീരസമൃദ്ധി പ്രോജക്ട് - അപാകത പരിഹരിക്കേണ്ടതാണ് | 1-33 |
| 34 | എ.ബി.സി. പ്രോഗ്രാം - ചെലവു രേഖകൾ ലഭ്യമാക്കിയില്ല | 1-34 |
| 35 | വെറ്റിനറി സർജൻ നിർവ്വഹിച്ച പദ്ധതികൾ- പർച്ചെയ്സ് കമ്മിറ്റിരൂപീകരിച്ചിട്ടില്ല. | 1-35 |
| 36 | കൃഷി ഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ - പൊതു അപാകതകൾ | 1-36 |
| 37 | റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല | 1-37 |
| 38 | വൈദ്യുതീകരണ പ്രവൃത്തികൾ - അപാകതകൾ | 1-38 |
| 39 | നീക്കം ചെയ്ത സാധന സാമഗ്രികളിന്മേലുള്ള തുടർനടപടികൾ വ്യക്തമല്ല | 1-39 |
| 40 | 14.84ലക്ഷം രൂപ മുടക്കിയിട്ടും മെറ്റീരിയൽ റിക്കവറി സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല. | 1-40 |
| 41 | ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ് - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-41 |
| 42 | ഭവനനിധി രൂപികരിച്ചിട്ടില്ല | 1-42 |
| 43 | ലൈഫ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. | 1-43 |
| 44 | തൊഴിലുറപ്പ്പദ്ധതി-നഴ്സറി പരിപാലനം ഫലപ്രദമല്ല. | 1-44 |
| | ഭാഗം 2 | |
| | വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 3 | |
| | ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം 4 | |
| | പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 45 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 46 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 47 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരങ്ങൾ | 4-3 |
| 48 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-4 |
| 49 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 50 | സ്ഥിരനിക്ഷേപം | 4-6 |
| 51 | ഓഡിറ്റ് റിക്കവറി | 4-7 |
| 52 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 53 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-9 |

| | | |
|---|---|---|
| 54 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 55 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 19.3.2018 തീയതിയിലെ 1 -ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. 28,55,92,000/- രൂപ വരവും 29,19,99,300/- രൂപ ചെലവും, 20,48,830/- രൂപ നീക്കിയിരുപ്പുമാണ് പ്രതീക്ഷിച്ചിരുന്നത്. 19,89,51,905/- രൂപ വരവും, 20,27,93,855/- ചെലവും 66,07,880/- രൂപ നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന പുതുക്കിയ ബജറ്റ് 23.02.2019 ന് അംഗീകരിച്ചു. എന്നാൽ യഥാർത്ഥ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) 8,25,95,706/-രൂപയും ചെലവ് 7,82,40,064/-രൂപയുമാണ്. (റസീപ്റ്റ് & പേമെന്റ് പ്രകാരം)

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 15.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 52,51,498/- |
| വരവ് | 7,73,44,208/- |
| ആകെ | 8,25,95,706/- |
| ചെലവ് | 7,82,40,064/- |
| നീക്കിയിരുപ്പ് | 43,55,642/- |

## 1-4 ഫണ്ട് വിനിയോഗം (റസീപ്റ്റ്സ് & പേയ്മെന്റ് പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 13564384 | 13564384 | 13564384 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2660133 | 2660133 | 2660133 | 0 |
| സി.എഫ്.സി. | 0 | 6448000 | 6448000 | 6448000 | |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 12972000 | 12972000 | 12972000 | 0 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 2820457 | 2820457 | 2820457 | 0 |
| എം.എൻ.ആർ. ഇ.ജി.എസ് | 5522 | 1097315 | 1102837 | 1091410 | 11427 |
| ബി ഫണ്ട് | 0 | 852960 | 852960 | 852960 | 0 |
| എസ്.ബി.ഐ. തനത് | 3146736 | 25079346 | 28226082 | 25808941 | 2417141 |
| എസ്..ബി.ഐ. ഇ പേയ്മെന്റ് | 10977 | 8895 | 19872 | 1062 | 18810 |
| പോസ്റ്റ് ഓഫീസ് | 110 | 0 | 110 | 0 | 110 |
| ഡിസിബി തനതു | 23402 | 0 | 23402 | 0 | 23402 |
| റ്റി.എസ്.ബി. | 1956909 | 10766875 | 12723784 | 11139833 | 1583951 |
| ലിറ്ററസി | 26973 | 0 | 26973 | 0 | 26973 |
| ഐ.സി.ഡി.എസ്. | 0 | 967370 | 967370 | 800015 | 167355 |
| ക്യാഷ് | 80869 | 106473 | 187342 | 80869 | 106473 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 214 | 106052543 | 133 | 62525823 | - | 81 | 62 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 5522 | 1097315 | 1102837 | 1091410 | 11427 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 31821188 | 31821188 | 31821188 | 0 |
| ആകെ | 5522 | 32918503 | 32924025 | 32912598 | 11427 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 6,12,960/- | 400 |
| കർഷക തൊഴിലാളി പെൻഷൻ | 93,32,800/- | 782 |

| | | |
|---|---|---|
| വിധവാപെൻഷൻ | 70,08,800/- | 595 |
| വാർദ്ധക്യകാല പെൻഷൻ | 1,33,14,000/- | 1114 |
| വികലാംഗ പെൻഷൻ | 42,38,400/- | 346 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 2,40,000/- | 8 |
| 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 4,51,600/- | 37 |

# 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.12.2019 ഉച്ചയ്ക്ക് 2.45 മണിക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 21,758/- രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം.

1) രസീത്ബുക്കിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല

കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി ഉപയോഗിച്ച 21937 നമ്പർ രസീത് ബുക്കിൽ ഡബിൾസൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല.

2) ആസ്തി രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല

2018-19 ൽ ആർജിച്ചിട്ടുള്ള/നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള വിവിധ പൈപ്പ് ലൈനുകൾ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിലുൾപ്പെടുത്തിയിട്ടില്ല.

3) നീക്കിയിരിപ്പുകൾ ഏതിനത്തിലേതെന്നു വ്യക്തമല്ല

2018-19 വാർഷിക കണക്കുകൾ പ്രകാരം ബി4 ഷെഡ്യൂളിൽ നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകകൾ (ഗുണഭോക്തൃവിഹിതം, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തു വിഹിതങ്ങൾ തുടങ്ങിയവ) ഏതൊക്കെ പദ്ധതികൾക്കായി ലഭിച്ചതാണെന്നോ, എന്നു മുതൽ നീക്കിയിരിപ്പായി അവശേഷിക്കുന്നുവെന്നോ സംബന്ധിച്ച വിവരം/രേഖകൾ ലഭ്യമായില്ല. നീക്കിയിരിപ്പായി അവശേഷിക്കുന്ന തുകകൾ ഉദ്ദേശിച്ചിരുന്ന ആവശ്യങ്ങൾക്കായി ചെലവഴിക്കാൻ സാധിക്കാത്ത പക്ഷം പ്രസ്തുത സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കേണ്ടതാണ്.

4) മുൻകൂറുകൾ 3 മാസ കാലയളവിനുള്ളിൽ ക്രമീകരിക്കുന്നില്ല

മുൻകൂറുകൾ അനുവദിച്ചതിന്റെ ആവശ്യം, കൈപ്പറ്റിയ ജീവനക്കാരുടെ പേരു വിവരം എന്നിവയും ലഭ്യമായിട്ടില്ല. മുൻകൂറുകൾ തുക അനുവദിക്കുന്ന തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ ചെലവു രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതും, അല്ലാത്തപക്ഷം മുൻകൂർ അനുവദിക്കുന്ന തീയതി മുതൽ 18% നിരക്കിൽ പിഴയോടുകൂടി തിരികെ ഈടാക്കേണ്ടതുമാണ്.

5) ഭരണസമിതി യോഗങ്ങളുടെ മിനിട്സുകൾ യഥാവിധി പരിപാലിക്കുന്നില്ല. യോഗതീരുമാനങ്ങൾ പാലിക്കപ്പെടുന്നുണ്ടോയെന്ന് അവലോകനം ചെയ്തു കാണുന്നില്ല.

6) സാമ്പത്തിക വർഷാവസാനത്തിൽ ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ വരവു വന്ന 2ലക്ഷം

രൂപ ബ്ലോക്ക് ഷെയർ ആയാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. എന്നാൽ തുക ഏതു പദ്ധതിക്കായി ലഭിച്ചതാണെന്നോ, ഏതു സ്ഥാപനത്തിൽ നിന്നു ലഭിച്ചതാണെന്നോ ഉറപ്പു വരുത്താൻ ഗ്രാമ പഞ്ചായത്തിനു സാധിച്ചിട്ടില്ല. പ്രസ്തുത ഫണ്ടുപയോഗിച്ച് തൻവർഷത്തേക്ക് പ്രോജക്ടുകളും ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.10.2019 | 01.07.2019 മുതൽ 01.09.2019 വരെ | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.04.2013 മുതൽ 15.05.2013 വരെ | 2008-09 മുതൽ 2012-13 വരെ | 10.12.2013 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

വാർഷിക കണക്കുകളിലെ അപാകതകൾ നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1184/19 തീയതി 24.07.2019 റിപ്പോർട്ട് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-12 ഭരണസമിതിയോഗ മിനിട്സുകൾ ലഭ്യമായില്ല.

ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതിയോഗത്തിന്റെ മിനിട്സുകൾ 2018 ആഗസ്റ്റ് മാസം മുതലാണ് സകർമ സോഫ്റ്റ്‌വെയർ മുഖാന്തിരം തയ്യാറാക്കിയിട്ടുള്ളത്. 5/2018 വരെയുള്ള ഭരണസമിതിയോഗ മിനിട്സുകൾ മാന്വൽ ആയി തയ്യാറാക്കി സൂക്ഷിച്ചിട്ടുള്ളത് ഓഡിറ്റ് വേളയിൽ ലഭിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 6/2018, 7/2018 മാസങ്ങളിലെ ഭരണസമിതിയോഗങ്ങളുടെ മിനിട്സുകൾ പരിശോധനക്കു ലഭ്യമാക്കിയില്ല. മിനിട്സുകൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.19/12.12.2019) മറുപടി ലഭ്യമാക്കിയില്ല. വിവിധ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറുകൾ, പുതുക്കിയ എസ്റ്റിമേറ്റുകൾ എന്നിവ ഇക്കാലയളവിൽ അംഗീകരിക്കപ്പെട്ടതായി ഫയലുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. മിനിട്സുകൾ ലഭ്യമാകാത്തതിനാൽ ആയത് പരിശോധിച്ച് ബോധ്യപ്പെടാനായിട്ടില്ല.

## 1-13 ഭരണസമിതി തീരുമാനങ്ങൾ പാലിക്കപ്പെടുന്നുണ്ടോ എന്ന് അവലോകനം ചെയ്യുന്നില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 24.10.2018 ലെ 14(14)നം. തീരുമാന പ്രകാരം വനിതാ കാന്റീന് പഞ്ചായത്തിൽ നിന്നു നൽകിയ സാധനങ്ങൾ തിരികെ ഏൽപ്പിക്കുന്ന മുറയ്ക്ക് മാത്രം സെക്യൂരിറ്റി ഡെപ്പോസിറ്റ് റിലീസ് ചെയ്താൽ മതിയെന്നു തീരുമാനിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത തീരുമാനത്തിനുമേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായില്ല. പ്രസ്തുത ഫയൽ, കരാർ സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം. 19/12.12.2019) മറുപടി ലഭ്യമായില്ല. 2019-20 സാമ്പത്തിക വർഷത്തിൽ

പുതിയ കരാറുകാരന്റെ ചുമതലയിൽ വനിതാ കാന്റീൻ പ്രവർത്തനം നടന്നുവരുന്നു. എന്നാൽ പഴയ കരാറുകാരനു നടത്തിപ്പിനായി നൽകിയിരുന്ന സാധനങ്ങൾ ഏതെല്ലാമാണെന്നോ, അവ തിരികെ ലഭിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല. ഇതുമായി ബന്ധപ്പെട്ട രേഖകൾ, പഴയ കരാറുകാരനിൽ നിന്നും ഈടാക്കിയ സെക്യൂരിറ്റി ഡെപ്പോസിറ്റ്, പ്രസ്തുത തുക റിലീസ് ചെയ്തതു സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്. ഭരണസമിതി തീരുമാനത്തിനുമേൽ ഗ്രാമപഞ്ചായത്ത് സ്വീകരിച്ചിട്ടുള്ള നടപടികൾ ഭരണസമിതി പരിശോധിക്കേണ്ടതും, ഓഡിറ്റിനു മറുപടി ലഭ്യമാക്കേണ്ടതുമാണ്.

# 1-14 വരവിനെക്കാൾ കൂടുതൽ ചെലവ്- ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധ ചെലുത്തേണ്ടതാണ്.

2018-19 വാർഷിക ധനകാര്യ പത്രിക പ്രകാരം വരവിനെക്കാൾ അധികം തുക ചെലവഴിച്ചിരിക്കുന്നു. ഗ്രാമപഞ്ചായത്തിന്റെ ഇൻകം ആന്റ് എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം ആകെ വരവ് 12,14,59,450/- രൂപയും, ആകെ ചെലവ് 12,64,18,419/- രൂപയുമാണ്. കൂടാതെ, ബാലൻസ്ഷീറ്റ് B1 ഷെഡ്യൂളിൽ പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് തുക (-3326060.95) യാണ് രേഖപ്പെടുത്തിയിരിക്കുന്നത്. വരവിനേക്കാൾ ചെലവ് കൂടാനുണ്ടായ സാഹചര്യം അന്വേഷിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/12.12.2019) ഡിപ്രിസിയേഷൻ സാങ്കൽപിക ചെലവാണെന്നും, ഡിപ്രിസിയേഷൻ കൂടി ഉൾപ്പെടുന്നതിനാലാണ് ചെലവ് അധികമാകുന്നതെന്നുമാണ് മറുപടി ലഭ്യമാക്കിയത്. കൂടാതെ ആസ്തികൾ പൂർണമായി കണക്കുകളിൽ ഉൾപ്പെടാത്തതാണ് പഞ്ചായത്ത് ഫണ്ട് നെഗറ്റീവ് ബാലൻസ് ആകുന്നതെന്നും അറിയിക്കുകയുണ്ടായി. പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. ഡിപ്രിസിയേഷന് അതതു സാമ്പത്തിക വർഷങ്ങളിൽ തുക മാറ്റി വയ്ക്കാതിരിക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെയും വികസന പ്രവർത്തനങ്ങളെയും ഹാനികരമായി ബാധിക്കുന്നതാണ്. കൂടാതെ ആസ്തികളുടെ മൂല്യം യഥാവിധി ഉൾപ്പെടുത്താതിരിക്കുന്നത് സ്ഥാപനത്തിന്റെ സാമ്പത്തിക ഭദ്രതയെ കുറച്ചുകാണിക്കുവാനും ഇടയാക്കുന്നു. ചെലവുകൾ വരവിനുള്ളിൽ നിറുത്തുവാനും, സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. അപാകതകൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഭരണസമിതിയുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

# 1-15 നിഷ്ക്രിയ അക്കൗണ്ടുകൾ - തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്

ഗ്രാമപഞ്ചായത്തിന്റെ ചുവടെ ചേർക്കുന്ന തനതു അക്കൗണ്ടുകളിൽ കാലങ്ങളായി തുക നിഷ്ക്രിയമായി അവശേഷിപ്പിച്ചിരിക്കുന്നു.

| ബാങ്കിംഗ് സ്ഥാപനം | നീക്കിയിരിപ്പ് തുക |
|---|---|
| പോസ്റ്റ് ഓഫീസ് സേവിംഗ്സ് അക്കൗണ്ട് | 110/- |
| ഡി.സി. ബി. തനതു അക്കൗണ്ട് | 23,402/- |

കൂടാതെ, സഹകരണബാങ്കിലെ സാക്ഷരത മിഷൻ – തുക നിക്ഷേപിച്ചിട്ടുള്ള അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല. ഈ അക്കൗണ്ടിലെ 31.03.2019 ലെ നീക്കിയിരിപ്പ് 26,973/- രൂപയാണ്.

പോസ്റ്റാഫീസ് സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകൾ നിലവിൽ വ്യക്തികൾക്കു മാത്രമാണ് അനുവദിക്കുന്നത്. നിഷ്ക്രിയമായ തനതു അക്കൗണ്ടുകൾ അവസാനിപ്പിച്ച് ഇടപാടുകൾക്ക് സൗകര്യപ്രദമായ അക്കൗണ്ടിലേക്ക് തുക മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. പലിശ വരവു ലഭിക്കാത്ത അക്കൗണ്ടുകൾ പലിശ വരവു ലഭിക്കുന്ന അക്കൗണ്ടായി മാറ്റുന്ന വിഷയവും പരിഗണിക്കേണ്ടതും, ഉചിതമായ തീരുമാനങ്ങൾ സ്വീകരിക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-16 രസീത് പരിശോധന- അപാകതകൾ

എ) <u>ക്യാൻസൽഡ് രസീതു റിപ്പോർട്ട് പ്രകാരം ക്യാൻസൽ ചെയ്തതായി കാണിച്ചിട്ടുള്ള രസീതിന്റെ കൗണ്ടർ ഫോയിൽ ഹാജരാക്കിയിട്ടില്ല</u>

ക്യാൻസൽഡ് രസീത് റിപ്പോർട്ട് പ്രകാരം 118150104469/6.3.2019 (തുക 456/- രൂപ) എന്ന രസീത് ക്യാൻസൽ ചെയ്തിട്ടുണ്ട്. എന്നാൽ സാംഖ്യ പ്രകാരം (Day Book) 118150104469/6.3.2019 നമ്പർ രസീത് ക്യാൻസൽ ചെയ്തിട്ടില്ല. രസീതിന്റെ ഒറിജിനൽ ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. ക്യാൻസൽ ചെയ്യാതെ തന്നെ ക്യാൻസൽഡ് രസീത് റിപ്പോർട്ടിൽ ഉൾപ്പെട്ട തുകയുടെ നിജസ്ഥിതി ഓഡിറ്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടില്ല (ഓഡിറ്റ് എൻക്വയറി 18). പ്രസ്തുത തുക തനത് ഫണ്ടിൽ ഒടുക്കു വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ബി) ക്യാൻസൽഡ് രസീത് റിപ്പോർട്ട് പ്രകാരമുള്ള താഴെ പറയുന്ന സാംഖ്യ രസീതുകളിൽ (കൗണ്ടർ ഫോയിൽ) തുകയും രസീത് നമ്പറുകളും ഇല്ല.

| No. | Receipt No. | Amount |
|---|---|---|
| 1 | 118150100036 | 20 |
| 2 | 118150100909 | 375 |
| 3 | 118150100910 | 375 |
| 4 | 118150101430 | 110 |
| 5 | 118150101431 | 110 |
| 6 | 118150102726 | 102 |
| 7 | 118150103751 | 20 |
| 8 | 118150103752 | 25 |

സി) 118150103737 മുതൽ 118150103783(14.01.2019 മുതൽ 19.01.2019 വരെ) വരെയുള്ള സാംഖ്യരസീതുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

# 1-17 വസ്തുനികുതി കണക്കാക്കിയതിലെ അപാകത-സംബന്ധിച്ച്

1. വസ്തുനികുതി ഈടാക്കിയതിൽ കുറവ്

2018-19 വർഷം അസ്സസ്സ് ചെയ്ത ചുവടെ ചേർക്കുന്ന 100 ച.മീറ്ററിലധികം തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ 'വാണിജ്യാവശ്യത്തിനുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണമുള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ' എന്ന തെറ്റായ ഉപയോഗക്രമത്തിൽ ഉൾപ്പെടുത്തിയതുവഴി അടിസ്ഥാനവസ്തുനികുതി നിർണ്ണയിച്ചതിൽ കുറവ് സംഭവിച്ചിട്ടുണ്ട്.

| വാർഡ്/ കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | തറവിസ്തീർണ്ണം | ഗ്രാമപഞ്ചായത്ത് 50/- രൂപ നിരക്കിൽ കണക്കാക്കിയ അടിസ്ഥാന വസ്തുനികുതി | തറവിസ്തീർണ്ണത്തിന്റെ അിസ്ഥാനത്തിൽ 65/- രൂപ നിരക്കിൽ കണക്കാക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി | അടിസ്ഥാന വസ്തുനികുതി കണക്കാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| 5/57 B | ഷിബു.എ.എസ്. (ഷിബു ഭവൻ,വെൺകുളം) | 109.89 | 5494.50 | 7142.85 | 1648.35 |
| 5/280 A | ജയകുമാർ (ആർ. ഗോപാലൻ നാടാർ ബിൽഡിംഗ്, കാഞ്ഞിരംകുളം | 253.64 | 12682.00 | 16486.60 | 3804.60 |
| 5/359 E | വി ദേവരാജ് നാടാർ (ഗീതാ ഭവൻ,കരുമരക്കാല,ചാണി, | 149 | 7450.00 | 9685.00 | 2235.00 |
| 5/572 A | സാംരാജ്.എം. (തൃപ്തി, നാലുകെട്ട്, കാഞ്ഞിരംകുളം | 102.5 | 5125.00 | 6662.50 | 1537.50 |
| 5/572 B | സാംരാജ്.എം (തൃപ്തി,നാലുകെട്ട്, കാഞ്ഞിരംകുളം | 116.94 | 5847.00 | 7601.10 | 1754.10 |
| 5/776A | സരോജിനി (ആർ.ജി.എൻ ബിൽഡിംഗ്, നിയർ എസ്.ബി.ഐ, കാഞ്ഞിരംകുളം | 165.88 | 8294.00 | 10782.20 | 2488.20 |

2. ക്രമവത്കരണം-പെർമിറ്റ് ഫീസ് ഈടാക്കേണ്ടതാണ്

തദ്ദേശസ്വയംഭരണ(ആർ.ഡി.)വകുപ്പ് സെക്രട്ടറിയുടെ 229813/ആർ.ഡി2/15/ത.സ്വ.ഭ.വ. നം. കത്തിൽ ഒരിക്കൽ പെർമിറ്റെടുത്ത ശേഷം ആയതിൽ നിന്ന് വ്യതിചലിച്ച് സംഗതികളിൽ ക്രമവത്കരിക്കുമ്പോൾ രാജിയാക്കൽ ഫീസ് മാത്രവും, പെർമിറ്റ് എടുക്കാതെ പൂർണമായും ക്രമവത്കരിക്കുന്ന കേസുകളിൽ രാജിയാക്കൽ ഫീസും പെർമിറ്റ് ഫീസും ഈടാക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2018-19 സാമ്പത്തിക വർഷത്തെ കെട്ടിടനികുതി ഫയലുകൾ പരിശോധിച്ചതിൽ പെർമിറ്റ് എടുക്കാതെ ക്രമവത്കരിച്ച കെട്ടിടങ്ങളിൽ

നിന്ന് രാജിയാക്കൽ ഫീസ് ഈടാക്കിയിട്ടുണ്ടെങ്കിലും പെർമിറ്റ് ഫീസ് ഈടാക്കിയിട്ടില്ലയെന്ന് കണ്ടെത്തിയിട്ടുണ്ട്.

2018-19 വർഷം നമ്പറിങ്ങിനായി അപേക്ഷിച്ചിട്ടുള്ളവരുടെ രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും ഇതിൽ പെർമിറ്റില്ലാതെ ക്രമവത്ക്കരണത്തിന് അപേക്ഷിച്ചവരുടെ വിവരം പ്രത്യേകം സൂക്ഷിച്ചിട്ടില്ല. വിശദാംശം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് പ്രകാരം 156 കെട്ടിട ഉടമകളിൽ നിന്നും തൻവർഷം റെഗുലറൈസേഷൻ ഫീസിനത്തിൽ 70,396/- രൂപ ഈടാക്കിയിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താക്കളിൽ നിന്നും പെർമിറ്റ് ഫീസ് ഈടാക്കി വിശദാംശം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

3. <u>ഒരേ ഉപയോഗക്രമത്തിലുള്ള കെട്ടിടത്തിന് കുറഞ്ഞ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നു</u>

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 2(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ ഒരേ സമയം ചട്ടം 4 (1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിടഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്നാണ് നിഷ്കർഷിക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ 100 ച.മീ കൂടുതലുള്ള ഷോപ്പുകൾക്ക് നികുതി നിരക്ക് 65/- രൂപയായാണ് നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഒരേ ആളുടെ ഉടമസ്ഥതയിലുള്ളതും ഒരേ കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്നതും ഒരേ ഉപയോഗ ക്രമത്തിനുള്ളതുമായ കെട്ടിടത്തിന് നികുതി നിരക്ക് കണക്കാക്കേണ്ടത് അതിനെ ഒരു കെട്ടിടമായി കണക്കാക്കിയാണ്. പൂർണമായും വാണിജ്യാവശ്യത്തിനുപയോഗിക്കുന്ന കെട്ടിടങ്ങളിലെ വിവിധ കടമുറികൾക്ക് വ്യത്യസ്ത നമ്പർ നൽകിയതുവഴി വസ്തുനികുതി കണക്കാക്കിയതിൽ കുറവ് സംഭവിച്ചിട്ടുണ്ട്. <u>ഉദാഹരണം -</u> 5-ാം വാർഡിൽ തൻവർഷം അസ്സസ്സ് ചെയ്ത കെട്ടിടങ്ങളുടെ വിശദാംശം പരിശോധിച്ചതിൽ ശ്രീ. വി. ദേവരാജ് നാടാർ (ഗീതാ ഭവൻ,കരുമരക്കാല,ചാണി) എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 5/359 A, B, C, D, E എന്നീ നമ്പർ കടമുറികൾക്ക് യഥാക്രമം 50/- രൂപ നിരക്കിലാണ് നികുതി കണക്കാക്കിയിട്ടുള്ളത്. എന്നാൽ ഒരേ ഉപയോഗക്രമത്തിലുള്ള ഇവയുടെ ആകെ വിസ്തീർണം 307.32 $m^2$ആണ്. ഇങ്ങനെ കണക്കാക്കുമ്പോൾ 65/- രൂപ നിരക്കിലാണ് നികുതി കണക്കാക്കേണ്ടിയിരുന്നത്.

ഒരാളുടെ ഉടമസ്ഥതയിലുള്ള ഓരോ കടമുറിക്കും പ്രത്യേകം നമ്പർ നൽകുമ്പോൾ പ്രത്യേകകെട്ടിടമായാണ് കണക്കാക്കുന്നതെന്നും വിസ്തീർണം മാത്രമാണ് സഞ്ചയസോഫ്റ്റ് വെയറിൽ ഉൾപ്പെടുത്താൻ കഴിയുന്നതെന്നുമാണ് മറുപടി നൽകിയിട്ടുള്ളത്.
തെറ്റായ രീതിയിൽ ഉപയോഗക്രമം രേഖപ്പെടുത്തി വസ്തുനികുതി പരിഷ്കരണം നടത്തിയ മുഴുവൻ കെട്ടിടങ്ങളുടെയും നികുതി പുനർനിർണയിച്ച് വിവരം അറിയിക്കേണ്ടതാണ്. ഈ വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

4.<u>മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല</u>

ഗ്രാമപഞ്ചായത്ത് പരിധിയിലെ ചുവടെചേർക്കുന്ന മൊബൈൽ ടവറുകളിൽ നിന്ന് വസ്തുനികുതികുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു

| ക്രമ നം. | വാർഡ്/ കെട്ടിടം | മൊബൈൽ ടവർ | വസ്തുനികുതി കുടിശ്ശിക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|

| | നം | | | |
|---|---|---|---|---|
| 1 | 5/558 | റിലയൻസ് ഇൻഫോ കോം ലിമിറ്റഡ് | 5,040/- | 2018 ആദ്യപകുതി മുതൽ 2019 രണ്ടാംപകുതി വരെ |
| 2 | 7/401 | BSNL | 34,652/- | 2016 ആദ്യപകുതി മുതൽ 2019 രണ്ടാംപകുതി വരെ |

കുടിശ്ശിക ഈടാക്കാത്തതിന് വിശദീകരണമാവശ്യപ്പട്ടതിന് മറുപടി നൽകിയിട്ടില്ല. വസ്തുനികുതി കുടിശ്ശിക ഈടാക്കി വിവരം ലഭ്യമാക്കേണ്ടതാണ്.

5. <u>വസ്തുനികുതി - ഡിമാന്റിൽ നിന്നും തുക കുറവു ചെയ്തതിനുള്ള രേഖകൾ ലഭ്യമല്ല</u>

സഞ്ചയ പ്യൂരിഫിക്കേഷനുമായി ബന്ധപ്പെട്ട് വസ്തു നികുതിയുടെ ഡിമാന്റിൽ കുറവു വന്ന 4,69,863/- രൂപ I-18 ഷെഡ്യൂളിൽ Property Tax on residential buildings എന്ന ഹെഡിൽ എഴുതി കുറച്ചിട്ടുണ്ട്. എന്നാൽ നികുതി ഇളവ് അനുവദിച്ചതോ, ഒഴിവാക്കപ്പെട്ടതോ ആയ കെട്ടിടങ്ങളുടെ വിവരങ്ങൾ, ഇളവു/വർദ്ധനവ് നൽകിയ തുക, ഇളവു/വർദ്ധനവ് നൽകിയതിനുള്ള കാരണങ്ങൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിച്ചിട്ടില്ല. നികുതി ഇളവ് അനുവദിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയോ,ഭരണസമിതിയുടെയോ അംഗീകാരവും നേടിയിട്ടില്ല. ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/12.12.2019) മറുപടി ലഭ്യമാക്കിയില്ല. വസ്തുനികുതി ഡിമാന്റിൽ മാറ്റം വരുത്തുമ്പോൾ അതിനാധാരമായ രേഖകൾ സൂക്ഷിക്കുന്നതിനും, ഓഡിറ്റിനു വിധേയമാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

# 1-18 FATEOS ലൈസൻസ് പുതുക്കുന്നില്ല, രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

2017-18 സാമ്പത്തിക വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളിൽ ചുവടെ പറയുന്ന സ്ഥാപനങ്ങൾ 2018-19 ൽ FATEOS ലൈസൻസ് എടുത്തതായി കാണുന്നില്ല.

| ക്രമ നം. | വാർഡ് നം. | പേര്, വിലാസം | സ്ഥാപനം |
|---|---|---|---|
| 1 | 5 | വിൻസന്റ്. ഡി.സി,<br>ലിസ്സി എന്റർപ്രൈസസ്, കാഞ്ഞിരംകുളം | ലിസ്സി എന്റർപ്രൈസസ്, (സിമന്റ്, കമ്പി) |
| 2 | 5 | എ.തങ്കരാജൻ,<br>ദിലീപ് ഹൗസ്, കുഴിപ്പള്ളം. | മിനി ഹോട്ടൽ |
| 3 | 1 | സത്യഭാമ,<br>പദ്മസദനം, കഴിവൂർ | വി.എസ്. റെഡിമെയ്ഡ് ഷോപ്പ് |
| 4 | 5 | വിനോദ് കുമാർ. വി,<br>എസ്. വി ഭവൻ,<br>ഇലവുനിന്ന, കഴിവൂർ | സലൂൺ |
| 5 | 5 | ആർ. ഗോപിനാഥൻ, | ടീ സ്റ്റാൾ |

| | | | |
|---|---|---|---|
| | | സജിഭവൻ, മുളനിന്ന, കാഞ്ഞിരംകുളം | |
| 6 | | ബോബിൻ രാജ്. ബി.എൽ, രാജ് കോട്ടേജ്, കരുവാരക്കല, ചാണി | ഗ്രാമീൻ സ്പൈസസ്, ഫുഡ് ഇൻഡസ്ട്രീസ്. |
| 7 | 4 | സനൽകുമാർ. എസ്, ഉരംകോരിയിട്ട കുഴിവിള പുത്തൻ വീട്, കഴിവൂർ | കീർത്തി ഔട്ട് ഡോർ കാറ്ററിംഗ് |
| 8 | 5 | ആശാഗോപൻ, ജയമാതാ ഭവൻ, വാറുവിള, വെണ്ണിയൂർ | ദിയാ മോട്ടോർസ് (2 വീലർ) |
| 9 | 5 | ആശാഗോപൻ, ജയമാതാ ഭവൻ, വാറുവിള, വെണ്ണിയൂർ | മാതാ ഓട്ടോ സ്പെയേഴ്സ് |
| 10 | 5 | ആശാഗോപൻ, ജയമാതാ ഭവൻ, വാറുവിള, വെണ്ണിയൂർ | ദിയാ മോട്ടോർസ് (സ്പെയർ പാർട്സ്) |
| 11 | 14 | കവിതാലക്ഷ്മി, മാച്ചേരിയൽ ഹൗസ്, മാർഗ്രിഗോറിയസ് റോഡ്, മുളന്തുരുത്തി, എറണാകുളം | പദ്മനാഭ മെറ്റൽസ് & ഗ്രാനൈറ്റ്സ് |
| 12 | 5 | ഷീല. റ്റി, പി.ടി.എൻ. കോട്ടേജ്, മാവിള, കാഞ്ഞിരംകുളം | സവിത & സൗമ്യ ടെക്സ്റ്റൈൽസ് |
| 13 | 5 | വി. ബി. അജികുമാർ, ഗ്രീൻ ഹൗസ്, കാഞ്ഞിരംകുളം | കാഞ്ഞിരംകുളം ഏജൻസീസ് |
| 14 | 1 | ഫസലുദീൻ, തെക്കേകരതട്ട് താഴത്തുവീട്, പൂവാർ | ആഫിയാ ഫാസ്റ്റ് ഫുഡ് |
| 15 | 8 | ആർ.പി. ബ്രൈറ്റ് സിംഗ്, രത്നവിലാസ്, കരുമക്കാല, ചാണി, കാഞ്ഞിരംകുളം | മദർഹോം ഇൻഡസ്ട്രീസ് |
| 16 | 5 | വിൻസന്റ്. പി. ആർ., മാതാ ബിൽഡിംഗ്സ്, കോളേജ് റോഡ്, കാഞ്ഞിരംകുളം | മാതാ ഇഞ്ചിനീയറിംഗ് വർക്ക്സ് |
| 17 | 5 | സുരേന്ദ്രൻ.ജെ., സെൽവി മണിഭവൻ, കാഞ്ഞിരംകുളം | സുജിത് ടീ ഷോപ്പ് |
| 18 | 8 | ആൽബർട്ട്.എസ്, 3-118/1, എസ്.എം.കോട്ടേജ്, പുതുക്കാട്, വെട്ടിവിള, കൽക്കുറിച്ചി, തക്കല,കന്യാകുമാരി | കലൈ ഗ്രാനൈറ്റ്സ്&സ്റ്റോൺ വർക്ക്സ് |
| 19 | 5 | ജസ്റ്റിൻസെൽവരാജ്, JPRഭവൻ, മുളനിന്ന, കാഞ്ഞിരംകുളം | ശബരി ഗ്ലാസ്സ്& അമല ഗ്ലാസ്സ് & പ്ലൈവുഡ് |

| | | | |
|---|---|---|---|
| 20 | 14 | ശശികുമാർ.ജി,<br>ആശാ നിവാസ്, മൂലവിള, കാഞ്ഞിരംകുളം | ശശി ഇഞ്ചിനീയറിംഗ് വർക്സ് |
| 21 | 14 | വിനോദ്. ഡി.പി, മുളുക്കോട്, ഊറ്ററ | കെ. പി. ഒ. ഓയിൽ മിൽ |
| 22 | 14 | എസ്. സുരേഷ് കുമാർ,<br>സുരേഷ് ഭവൻ, കരിച്ചൽ, | ഹേളോബ്രിക്സ് യൂണിറ്റ് |
| 23 | 9 | കെ. വിൽഫ്രഡ്,<br>ഷാനി നിവാസ്,<br>പുലയടിച്ചാൻ വിള, കാഞ്ഞിരംകുളം | ഷാനി ഓയിൽ മിൽ |
| 24 | 11 | ഷാജി ബ്രൂണോ,<br>വന്ദനം, നെല്ലിക്കാക്കുഴി, കാഞ്ഞിരംകുളം | ഗ്ലോറി ഫെയർ ബ്യൂട്ടി പാർലർ |
| 25 | 14 | ആന്റണി രാജ്, ആദർശ് ഭവൻ, കല്ലുവിള, കഴിവൂർ | ശിവകൃഷ്ണ സ്റ്റോർസ് |
| 26 | 5 | മോഹൻ. പി, M J S നിവാസ്, പുളിനിന്ന, തടത്തികുളം | മോഹൻ സ്റ്റോർസ് |
| 27 | 10 | ഷിജിമോൾ. ആർ. കെ,<br>കൃപാ കോട്ടേജ്, ചാണി | കൃപാ ലേഡീസ് & കിഡ്സ് വെയേർസ് |
| 28 | 11 | രാജേഷ്. എൻ. എസ്, ഭഗവതിവിള വീട്, കുളത്തൂർ | ദേവൂസ് കമ്മ്യൂണിക്കേഷൻ |
| 29 | 10 | എം. ജോൺസൺ,<br>പ്ലാവിള ചാണി | ജോൺസൺ സിദ്ധ മർമ്മ വിഷവൈദ്യം |
| 30 | 5 | സുദർശനൻ, ബി, പരുത്തിവിള, കാഞ്ഞിരംകുളം | ഫ്രണ്ട്സ് ബേക്കറി |
| 31 | 5 | അനുരാജ്. ആർ. വി, പുന്നവിള പുത്തൻവീട്, കിടാരക്കുഴി | അടിപൊളി മെൻസ് പാർക്ക് |
| 32 | 5 | റെജികുമാർ, ആർ. എസ്. ഭവൻ, അപ്പട്ടുവിള, കാഞ്ഞിരംകുളം | ജി. എം. ഇലക്ട്രോണിക്സ് |
| 33 | 9 | ബൈജു. വി. വി,<br>വി.വി. ഭവൻ, മാങ്കൂട്ടം, തിരുപുറം | ബ്രഡ് ഹൗസ്, ചാണി |
| 34 | 1 | എം. പ്രഭാകരൻ, അശ്വതി ഭവൻ, മരപ്പാലം | ശ്രീനാരായണ ടെക്സ്റ്റൈൽസ് |
| 35 | 5 | സ്റ്റെല്ല ജെ. ജാസ്പിൻ,<br>കാഞ്ഞിരംനിന്ന, തിരുപുറം | മുന്ന മെഡിക്കൽസ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിനുള്ള (നം.23) മറുപടിയിൽ മേൽ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തിട്ടില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

വാർഡ് തല രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ആകെ 198 സ്ഥാപനങ്ങളാണ് ലൈസൻസ് എടുത്തിട്ടുള്ളത്. തനതു വരുമാനം താരതമ്യേന കുറഞ്ഞ പഞ്ചായത്ത് എന്ന നിലയിൽ പഞ്ചായത്ത് അതിർത്തിയിലെ മുഴുവൻ സ്ഥാപനങ്ങളെയും കണ്ടെത്തി ലൈസൻസ് എടുപ്പിക്കുകയും വാർഡ് തല രജിസ്റ്റർ സൂക്ഷിച്ച് കൃത്യമായി ഡിമാന്റ് നോട്ടീസ് നല്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കേണ്ടതാണ്.

## 1-19 തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച, വരുമാന നഷ്ടം ഉണ്ടാകുന്നു.

തൊഴിൽ നികുതി ഈടാക്കുമ്പോൾ കൃത്യമായ സ്റ്റേറ്റ്മെന്റ് വാങ്ങി നികുതി നിർണയം നടത്തുന്നില്ല. നികുതി ഒടുക്കാത്ത സ്ഥാപനങ്ങളിൽ നിന്നും നികുതി ഈടാക്കുന്നതിന ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെയും, കൃത്യമായ രേഖകൾ സൂക്ഷിക്കാത്തതായും കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1. കാഞ്ഞിരംകുളം പോലീസ് സ്റ്റേഷനിലെ ജീവനക്കാരുടെ 2018-19 ആദ്യ അർദ്ധവർഷത്തെ തൊഴിൽ നികുതി 32,000/- രൂപ അടവാക്കി. എന്നാൽ ജീവനക്കാരുടെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല. രണ്ടാം അർദ്ധവർഷ നികുതി അടച്ചതിന്റെ വിവരം ലഭ്യമല്ല. കേരള പഞ്ചായത്ത് രാജ് നിയമം (1994) ചട്ടങ്ങൾ(1996) 16(2) പ്രകാരം ജീവനക്കാരുടെ വിവരം നൽകേണ്ടതും 16(4) പ്രകാരം നികുതി ഈടാക്കേണ്ടതുമാണ്. ഇതു പാലിച്ചതായി കാണുന്നില്ല.

2. പഞ്ചായത്ത് ഓഫീസ്, ബി.എസ്.എൻ.എൽ. എന്നിവിടങ്ങളിലെ രണ്ടാം പാദ ലിസ്റ്റ് ലഭ്യമല്ല.

നികുതി ഈടാക്കേണ്ടവരുടെ സ്റ്റേറ്റ്മെന്റ് സ്വീകരിക്കുകയോ നികുതി ഈടാക്കുകയോ ചെയ്യുന്നില്ല.

3. Dr. SMCSI Hospital ജീവനക്കാരുടെ ലീൻ മറ്റൊരു പഞ്ചായത്തിന്റെ പരിധിയിൽ ആയതിനാൽ നികുതി ഒടുക്കിയില്ല എന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. കേരള പഞ്ചായത്ത് രാജ് നിയമം (1994) സെക്ഷൻ-204(1) പ്രകാരം നികുതി ഗ്രാമപ്പഞ്ചായത്തിൽ ഒടുക്കേണ്ടതായിരുന്നു.

4. ജവഹർ സെൻട്രൽ സ്കൂൾ കാഞ്ഞിരംകുളം, 2018-19 സാമ്പത്തിക വർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല. ഈ സ്ഥാപനത്തിനെതിരെ യാതൊരു നടപടികളും സ്വീകരിച്ചതായി കാണുന്നില്ല.

5. ഗ്രാമപ്പഞ്ചായത്തിലുള്ള ബഡ്സ് സ്കൂൾ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കിയതായി കാണുന്നില്ല.

6. കുഞ്ഞുകൃഷ്ണൻ നാടാർ മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് സ്വയംഭരണ കോളേജിൽ നിന്ന് തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല.

7. മാർജിൻ ഫ്രീ മാർക്കറ്റ് കാഞ്ഞിരംകുളം, Devine Touch Physiotherapy, United India Insuarance Company കാഞ്ഞിരംകുളം, പെട്രോൾ പമ്പ് കാഞ്ഞിരംകുളം തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

8. ജനതാ ഹോട്ടൽ നിലവിൽ പ്രവർത്തിക്കുന്നില്ലായെന്ന് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നു. എന്നാൽ പ്രസ്തുത സ്ഥാപനത്തിന് ലൈസൻസ് നൽകിയിട്ടുണ്ട്.

9.ഗവ. ആയുർവേദ മർമ്മാശുപത്രിയിലെ കുക്ക് ഗ്രേഡ് 2, അർദ്ധവർഷത്തിലെ ആകെ വരുമാനം 48,703/-രൂപയാണ്. തൊഴിൽ നികുതി അടവാക്കിയത് 300/-രൂപ, അടയ്ക്കേണ്ടിയിരുന്നത് 450/-

രൂപ. നികുതിയിനത്തിൽ ഇപ്രകാരം 150/- രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

തൊഴിൽ നികുതി ചട്ടപ്രകാരമുള്ള നടപടികളിലൂടെ ഈടാക്കാത്തതു സംബന്ധിച്ചും, മേൽ അപാകതകൾ സംബന്ധിച്ചും നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.11) ലഭ്യമായ മറുപടിയിൽ സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെട്ടുമെന്നും, നികുതി ഈടാക്കാനുള്ളവരിൽ നിന്നും നികുതി ഈടാക്കുമെന്നും പറഞ്ഞിട്ടുണ്ട്. തൊഴിൽ നികുതി പിരിച്ചെടുക്കുന്നതിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ജാഗ്രത പുലർത്തേണ്ടതാണ്.

# 1-20 ട്യൂട്ടോറിയൽ രജിസ്ട്രേഷൻ നടപടിക്രമം പാലിക്കുന്നില്ല

1999 ലെ കേരള പഞ്ചായത്ത് രാജ് (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടങ്ങൾ ചട്ടം 3(2)പ്രകാരം ഒരു ഒരു ട്യൂട്ടോറിയൽ സ്ഥാപനം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ഫോറം 1 ൽ പ്രസ്തുത സ്ഥാപനം ആരംഭിക്കുന്നതിനു പതിനഞ്ചു ദിവസത്തിൽ കുറയാത്ത കാലയളവിനു മുൻപായി അതു നടത്താൻ ഉദ്ദേശിക്കുന്ന ആളോ, നടത്താൻ ചുമതലപ്പെട്ടിട്ടുള്ള ആളോ ഇരുനൂറ് രൂപ രജിസ്ട്രേഷൻ ഫീസ് സഹിതം, സെക്രട്ടറിക്കു സമർപ്പിക്കേണ്ടതാണ്. രജിസ്ട്രേഷൻ ഫീസോട് കൂടിയുള്ളതല്ലാത്ത ഏതൊരു അപേക്ഷയും സെക്രട്ടറി നിരസിക്കേണ്ടതാണ്. ചട്ടം 3(6) പ്രകാരം രജിസ്ട്രേഷൻ നൽകാൻ തീരുമാനിച്ച സ്ഥാപനത്തെ സംബന്ധിച്ച വിവരങ്ങൾ ഫോറം 2 ൽ ഉള്ള പ്രത്യേക രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും, അപ്രകാരം രേഖപ്പെടുത്തിക്കഴിഞ്ഞാൽ ആ സ്ഥാപനം രജിസ്റ്റർ ചെയ്യപ്പെട്ടതായി കണക്കാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ഒരു ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ട്യൂട്ടോറിയൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ അടുത്ത സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി പുതുക്കേണ്ടതും അപ്രകാരം പുതുക്കുന്നതിനുള്ള അപേക്ഷ ഫോറം 5 ൽ അൻപത് രൂപ രജിസ്ട്രേഷൻ പുതുക്കൽ ഫീസ് സഹിതം സെക്രട്ടറിക്ക് നൽകേണ്ടതുമാണ്.

എന്നാൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ ഇത്തരം നടപടിക്രമം പാലിച്ചതായി കാണുന്നില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അപേക്ഷ നൽകിയ തീയതി | രജിസ്ട്രേഷൻ നൽകിയ തീയതി | റിമാർക്സ് |
|---|---|---|---|---|
| 1 | V V Institute of Computers. | 11-04-2018 | 11-06-2018 | |
| 2 | തക്ഷശില കോളേജ് | 16-04-2018 | 06-06-2018 | |
| 3. | Trinity College | 27-07-2018 | 27-07-2018 | |
| 4. | A J College of Higher Education | 03-08-2018 | 03-08-2018 | |
| 5 | Angel Computers | 06-08-2018 | 06-08-2018 | |
| 6 | ഗുരുകുലം ട്യൂഷൻ സെന്റർ | 09-08-2018 | 09-08-2018 | |
| 7 | SPARK PSC Coaching Center | 14-08-2018 | 14-08-2018 | |
| 8. | മീനാക്ഷി ട്യൂഷൻ സെന്റർ | 23-08-2018 | 23-08-2018 | |

ട്യൂട്ടോറിയൽ സ്ഥാപനങ്ങൾക്ക് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ നടപ്പിലാക്കാൻ ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.

## 1-21 റേഷൻ ഷോപ്പുകൾ ലൈസൻസ് എടുക്കുന്നില്ല, തൊഴിൽ നികുതി അടയ്ക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആകെ റേഷൻകടകളുടെ എണ്ണം, ഇവയിൽ 2018-19 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുള്ളവയുടെ എണ്ണം എന്നിവ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.15) നൽകിയ മറുപടിയിൽ വരും വർഷങ്ങളിൽ ലൈസൻസും നികുതികളും ഈടാക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്.

റേഷൻ കടകളിൽ നിന്ന് ലൈസൻസും തൊഴിൽ നികുതിയും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് നടത്തിയിട്ടുള്ള ഇ - ടെണ്ടറുകളുടെ ഫോറവില തിരുവനന്തപുരം ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലേയ്ക്കാണ് ഓൺലൈനായി ഒടുക്കു വരുത്തുന്നത്. പ്രസ്തുത തുക ഇതുവരെയും ഗ്രാമപഞ്ചായത്തിനു ലഭിച്ചിട്ടില്ല. ഇ ടെണ്ടറുകളിൽ നിന്നുള്ള ടെണ്ടർ ഫോറവിലയിനത്തിൽ 2018-19 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിനു 14,840/- രൂപ ലഭിക്കുവാനുണ്ട്. (ഓഡിറ്റ് അന്വേഷണം നം.2/10.12.2019നുള്ള മറുപടി).

ടെണ്ടർ ഫോറവില ഇനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ഒടുക്കുവന്നിട്ടുള്ള തുകകൾ ഗ്രാമപഞ്ചായത്തിന്റെ തനതു അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-23 മുറിച്ചു മാറ്റിയ മരങ്ങൾ ലേലം ചെയ്തിട്ടില്ല

ബിൽ നം.795/18-19, വൗച്ചർ നം.21800951 ചെക്ക് നം.372027 തീയതി, 17/01/2019 പ്രകാരം നെടിയകാല വാർഡിൽ 47-ാം നമ്പർ അംഗനവാടിയിൽ നിന്ന തെങ്ങ്-1, പ്ലാവ്-1, മഹാഗണി-2, എന്നിവ മുറിച്ചുമാറ്റിയതിന് 6,500/-രൂപ നൽകിയിട്ടുണ്ട്. ഈ പ്രവൃത്തിക്ക് അസിസ്റ്റന്റ് എഞ്ചിനിയറുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയതിന്റെയും, തടികൾ ലേലം ചെയ്തതിന്റെയും വിശദാംശങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.31) വനം വകുപ്പിന്റെ വാല്യുവേഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2 തവണ ലേലം നടത്തിയെങ്കിലും പങ്കെടുക്കാൻ ആളില്ലാത്തതിനാൽ ഡി.ഡി.പി. യുടെ അനുമതിയോടെ ക്വട്ടേഷൻ വിളിക്കുകയായിരുന്നുവെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. അംഗനവാടി കെട്ടിടത്തിന് സമീപം നിന്ന മരങ്ങളായതിനാൽ അടിയന്തിരമായി മുറിച്ചുമാറ്റുകയായിരുന്നുവെന്നും വിശദീകരിച്ചിട്ടുണ്ട്.

മുറിച്ചുമാറ്റിയ തടി വനംവകുപ്പിന്റെ മൂല്യ നിർണയം നടത്തി അടിയന്തിരമായി ലേലം ചെയ്ത് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 1-24 വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ പാലിച്ചിട്ടില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി ഗ്രാമപഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ടതും. ഇതിൻപ്രകാരം ഗ്രാമപ്പഞ്ചായത്ത് സ്വീകരിച്ചതുമായ നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | നടപടിക്രമം | സ്വീകരിച്ച നടപടികളുടെ വിശദാംശം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | ഡിസംബർ 15-ന് മുൻപ് | ബജറ്റ് രൂപീകരണത്തിനായി ഉള്ള ജനറൽ ഫയൽ പരിപാലിച്ചിട്ടില്ലാത്തതിനാൽ നടപടികളുടെ വിവരം ലഭ്യമല്ല. |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | ജനവരി 15-ന് മുൻപ് | ലഭ്യമല്ല. |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | ജനവരി 25-ന് മുൻപ് | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെ ഒരു സ്റ്റാന്റിംഗ് കമ്മിറ്റിയും ക്രോഡീകരണത്തിനായി യോഗം ചേർന്നിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ പ്രെപ്പോസൽ വയ്ക്കൽ, ക്രോഡീകരണം | ഫെബ്രുവരി 1-ന് മുൻപ് | 12/2/18 നാണ് നടത്തിയത് |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | ഫെബ്രുവരി 28-ന് മുൻപ് | 21-3-18ന് അംഗീകാരം നൽകി |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | മാർച്ച് 1-ന് മുൻപ് | 15/3/18ന് അംഗീകരിച്ചു |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | മാർച്ച് 7-ന് മുൻപ് | 18/3/18ന് കമ്മിറ്റി കൂടി |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി | മാർച്ച് 31-ന് മുൻപ് | 19-3-18നാണ് കമ്മിറ്റി കൂടിയത് |

| | | | |
|---|---|---|---|
| | പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | | |
| 9 | പുതുക്കിയ ബജറ്റ് അംഗീകരിച്ച തീയതി | - | 11-2-19 |

വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ യഥാവിധി പാലിക്കേണ്ടതാണ്.

# 1-25 മുൻകൂറുകൾ 3 മാസ കാലയളവിനുള്ളിൽ ക്രമീകരിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ വാർഷിക കണക്കുകളിലെ B18ഷെഡ്യൂളിൽ ചുവടെ ചേർക്കുന്ന മുൻകൂറുകൾ ക്രമീകരിക്കാത്തതായി രേഖപ്പെടുത്തിയിരിക്കുന്നു.

| ഇനം | ഹെഡ് | തുക |
|---|---|---|
| 460100101 | ഫെസ്റ്റിവൽ അഡ്വാൻസ് | 3,000/- |
| 460100105 | ടൂർ ടിഎ | 2,000/- |
| 460100103 | ഓഫീസ് ആവശ്യങ്ങൾക്കുള്ള താത്കാലിക മുൻകൂർ | 1,00,000/- |
| 460509901 | അഡ്വാൻസ് ടു അതേഴ്സ് | 7,70,450/- |

മുൻകൂറുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/12.12.2019) മറുപടി ലഭ്യമാക്കിയില്ല. മുൻകൂറുകൾ അനുവദിച്ചതിന്റെ ആവശ്യം, കൈപ്പറ്റിയ ജീവനക്കാരുടെ പേരു വിവരം എന്നിവയും ലഭ്യമായിട്ടില്ല.

മുൻകൂറുകൾ തുക അനുവദിക്കുന്ന തീയതി മുതൽ മൂന്നു മാസത്തിനുള്ളിൽ ചെലവു രേഖകൾ ഹാജരാക്കി ക്രമീകരിക്കേണ്ടതും, അല്ലാത്തപക്ഷം മുൻകൂർ അനുവദിക്കുന്ന തീയതി മുതൽ 18% നിരക്കിൽ പിഴയോടുകൂടി തിരികെ ഈടാക്കേണ്ടതുമാണ്.

# 1-26 പൊതുടാപ്പുകളുടെ എണ്ണം നിജപ്പെടുത്താൻ സംയുക്ത പരിശോധന നടത്തേണ്ടതാണ്.

പഞ്ചായത്ത് മേഖലയിലെ പൊതു വാട്ടർ ടാപ്പുകൾക്ക് പ്രതിമാസം 63,000/- രൂപ വെള്ളക്കരമായി വാട്ടർ അതോറിറ്റിയ്ക്ക് നല്കിവരുന്നു. ആകെ 144 ടാപ്പുകൾക്കാണ് പ്രസ്തുത തുക നല്കി വരുന്നത്. 2011 ലാണ് സംയുക്ത പരിശോധന നടത്തി ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയതെന്നും, നിലവിൽ ടാപ്പുകളുടെ എണ്ണത്തിൽ കുറവുള്ള കാര്യം ശ്രദ്ധയിൽപെട്ടതിനാൽ KWA യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തുവാൻ KWAയ്ക്ക് കത്ത് നൽകിയിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം.14 ന്

മറുപടി ലഭ്യമാക്കിയിട്ടുണ്ട്. സംയുക്ത പരിശോധന എത്രയും വേഗം നടത്താൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-27 IKM-വിഹിതം-അധികം നല്കി.

സർക്കാർ ഉത്തരവ് നം.1228/2016/തസ്വഭവ.തീയതി.8/3/16 പ്രകാരം, ഗ്രാമപഞ്ചായത്തിന് തൻവർഷം വികസനഫണ്ടായി ലഭിച്ച തുകയുടെ 0.25%ആണ് IKM-വിഹിതമായി ഒടുക്കേണ്ടത്. ഗ്രാമപഞ്ചായത്തിന് 2018-19 വർഷം വികസനഫണ്ടായി ലഭിച്ചത് 2,26,72,517/- രൂപയാണ് (AFS പ്രകാരം). ആയതിന്റെ 0.25% ആയ 56,681/- രൂപയാണ് IKM-വിഹിതമായി ഒടുക്കേണ്ടത്. എന്നാൽ പ്രോജക്റ്റ് നം.1/2018-19 പ്രകാരം 60,555/-രൂപ ഒടുക്കിയിട്ടുണ്ട്. അധികം നൽകിയ 3,874/- രൂപ തുടർവർഷങ്ങളിൽ തിരികെ ഈടാക്കേണ്ടതാണ്.

## 1-28 ഇ.എം.എസ് ലോൺ തുക ഒടുക്കിയില്ല

സ.ഉ. (സാധാ) നം.275/2010/തസ്വഭവ തീയതി 27.01.2010 പ്രകാരം ഗ്രാമപഞ്ചായത്ത് എടുത്തിരുന്ന ഇ.എം.എസ്. ഭവനവായ്പയിൽ 01.04.2018 ൽ 13,35,558/- രൂപ കുടിശ്ശികയായി അവശേഷിച്ചിരുന്നു. എന്നാൽ വായ്പ തുക ഒടുക്കുന്നതിലേക്ക് ഗ്രാമപഞ്ചായത്ത് തൻ വർഷം പദ്ധതി വയ്ക്കുകയോ, തുക ഒടുക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.1/12.12.2019) മറുപടി ലഭ്യമാക്കിയില്ല. വിഷയം ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-29 പൈപ്പ് ലൈൻ നീട്ടൽ പദ്ധതി -അപാകങ്ങൾ.

പ്രോജക്റ്റ് നം-109, 110/18-19

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

അടങ്കൽ തുക-1,33,000/-, 1 30,000/-രൂപ

മേൽപ്രോജക്റ്റുകളുടെ ഫയലുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകങ്ങൾ കണ്ടു.

1. പ്രവൃത്തികളുടെ എസ്റ്റിമേറ്റിന്റെ General abstract മാത്രമേ ഫയലിൽഉൾപ്പെടുത്തിയിട്ടുള്ളൂ. Detailed Estimate ലഭ്യമല്ല.

2.KWAയുമായി രൂപീകരിച്ച കരാർ ഫയലിൽ ഉണ്ടെങ്കിലും, ആയത് അപൂർണ്ണമാണ്. പ്രവൃത്തിയുടെ പൂർത്തീകരണ കാലാവധി ഉൾപ്പെടുത്തിയിട്ടില്ല.

3. എസ്റ്റിമേറ്റിന്റെ General abstract പ്രകാരം, സെന്റേജ് ചാർജ് കണക്കാക്കിയിട്ടുള്ളത് 12.5%നിരക്കിലാണ് എന്നാൽ സർക്കാർ ഉത്തരവ് നം.1969/2018/ തസ്വഭവ.തീയതി.16/34/18പ്രകാരം , KWAയ്ക്ക് 10% നിരക്കിലാണ് സെന്റേജ് നല്കേണ്ടത്.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | പ്രവൃത്തിയുടെ മൂല്യം തുക (രൂ) | സെന്റേജ് ചാർജ് നൽകിയ തുക (@12.5%) | നല്കേണ്ട തുക (@10%) | അധികം നൽകിയ തുക(രൂ) |
|---|---|---|---|---|---|
| 1 | കല്ലുവെട്ടാൻകുഴി-ചീനിവിള റോഡ് | 120591 | 15073.91 | 12059 | 3014 |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 2 | മാവില കോളനി-കാനവിൻ കോളനി | 113434 | 14179 | 11343 | 2836 |
| | | | | ആകെ | 5850 |

അധികം നൽകിയ 5,850/- രൂപ തുടർ വർഷങ്ങളിൽ തിരികെ ഈടാക്കേണ്ടതാണ്.

# 1-30 ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് ധനവിനിയോഗ സർട്ടിഫിക്കറ്റ് കിട്ടിയിട്ടില്ല.

വിവിധ പ്രവൃത്തികൾക്കായി KSEB, KWA എന്നിവിടങ്ങളിൽ തുക നിക്ഷേപിച്ചിട്ടുണ്ടെങ്കിലും, പ്രവൃത്തി പൂർത്തിയാക്കി , വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | നിർവ്വഹണ ഏജൻസി | തുക | ബിൽ നം. |
|---|---|---|---|---|
| 1 | 109/18-19, പൈപ്പ് ലൈൻ നീട്ടൽ | KWA | 136000 | 42/18-7-18 |
| 2 | 110/19, കുടിവെള്ള കണക്ഷൻ | KWA | 130000 | 44/18-7-18 |
| 3 | 114/18-19, ഇലക്ട്രിക്കൽ ലൈൻ നീട്ടലും, പോസ്റ്റു മാറ്റലും | KSEB | 31000 | 156/13-12-18 |
| 4. | 190/18-19 പോസ്റ്റ് ഷിഫ്റ്റിംഗ് ലൈൻ നീട്ടൽ | KSEB | 335313 | ചെക്ക്.നം618030/8-11-18 |
| 5 | 113/18-19,പൈപ്പ് ലൈൻ നീട്ടൽ | KSEB | 73502 | 107/31-10-18 |
| 6 | 112/18-19 പോസ്റ്റ് ഷിഫ്റ്റിംഗ് | KSEB | 24888 | 146/31-10-18 |

ധനവിനിയോഗ സർട്ടിഫിക്കറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിനു ഹാജരാക്കേണ്ടതാണ്.

# 1-31 അങ്കണവാടികൾക്കായി ഭൂമിവാങ്ങൽ പദ്ധതി -അപാകങ്ങൾ

അങ്കണവാടികൾക്ക് സ്ഥലം വാങ്ങുന്നതിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി ചുവടെ ചേർക്കും പ്രകാരം രണ്ട് പ്രോജക്ടുകൾക്ക് അംഗീകാരം വാങ്ങിയിരുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | SO013/19 | SO014/19 |
| പേര് | ലൂർദ്ദിപുരം അങ്കണവാടിക്ക് സ്ഥലം വാങ്ങൽ | മുഴക്കോൽകുന്ന് അങ്കണവാടിക്ക് സ്ഥലം വാങ്ങൽ |
| അടങ്കൽ തുക | 5,64,708/- (+)<br>(തനത് ഫണ്ട്)<br>9,35,292/-<br>(വികസന ഫണ്ട്) | 4,00,000/-<br>(തനത് ഫണ്ട്) |

(എ). ഗ്രാമപഞ്ചായത്തിലെ 8-ാം വാർഡിൽ 2സെന്റ്, 10-ാം വാർഡിൽ 7 സെന്റ്, എന്നിങ്ങനെ പ്ളോട്ടുകൾ അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി, ഭൂമി വാങ്ങിയിട്ടുണ്ട്. പ്രസ്തുത പ്ലോട്ടുകൾ നാളിതു വരെ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. സ്ഥലം അസറ്റ് രജിസ്റ്ററിൽ ഉൾപ്പെടുത്താനായി, അസി.എഞ്ചിനീയർക്ക് കത്തു നൽകിയതായി, ഓഡിറ്റ് എൻക്വയറിക്ക് (നം.3ന്) മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ബി). മുഴക്കോൽകുന്ന് അങ്കണവാടിക്ക് വാങ്ങിയ 2സെന്റ് സ്ഥലത്തിന്റെ വിലയായ 4,00,000/-രൂപ 18/3/19ലെ ചെക്ക് നം.1060 പ്രകാരം നൽകിയെങ്കിലും, Expenditure report പ്രകാരം, ഈയിനത്തിൻ ചെലവൊന്നും വന്നിട്ടില്ല. മേല്പറഞ്ഞ അപാകങ്ങൾ പരിഹരിക്കേണ്ടതാണ്.

# 1-32 പഞ്ചായത്ത് ആർജിച്ച വസ്തു സൗജന്യമായി കയ്യൊഴിയാനുള്ള തീരുമാനം ചട്ടപ്രകാരമല്ല – വസ്തുതകൾ ബോദ്ധ്യപ്പെടുത്തി സർക്കാർ അനുമതി തേടേണ്ടതാണ്.

ആയുർവേദ-ഹോമിയോ ആശുപത്രി കെട്ടിടങ്ങൾക്കായി 2016-17ൽ പ്രോജക്ട് നമ്പർ 169/17 (SO 04/18) പ്രകാരം 20 ലക്ഷം രൂപയ്ക്ക് 10സെന്റ് ഭൂമിയും (സർവെ നമ്പർ 126/7-3), 2017-18ൽ പ്രോജക്ട് നമ്പർ SO70/18ൽ ഉൾപ്പെടുത്തി 20ലക്ഷം രൂപയ്ക്ക് 10സെന്റ് ഭൂമിയും (സർവെ നമ്പർ 126/7) ഗ്രാമപഞ്ചായത്ത് വാങ്ങിയിരുന്നു. നിലവിൽ ഈ ഭൂമിയിൽ സാങ്കേതിക കാരണങ്ങളാൽ കെട്ടിട നിർമ്മാണം നടക്കാത്ത സാഹചര്യമാണുള്ളതെന്ന് കമ്മിറ്റി മിനിട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2005ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജ്ജിക്കലും കയ്യൊഴിക്കലും) ചട്ടം 3(1) പ്രകാരം നിർദ്ദിഷ്ട വസ്തു നിർദ്ദിഷ്ട ആവശ്യത്തിന് അനുയോജ്യമാണെന്ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും സർട്ടിഫിക്കറ്റ് ലഭ്യമാക്കിയാണ് വസ്തു ആർജ്ജിക്കേണ്ടത്. ഇക്കാരണത്താൽ പ്രസ്തുത വസ്തു ആർജ്ജിച്ചിട്ടുള്ളത് ചട്ടപ്രകാരമല്ലാത്തതാണ്. നിലവിലെ ഈ സാഹചര്യത്തിലാണ് 31.07.2018ലെ 6(1)-ാം നമ്പർ തീരുമാനപ്രകാരം പഞ്ചായത്ത് ആർജ്ജിച്ച വസ്തുവിൽ നിന്ന് 12സെന്റ് സ്ഥലം KSEBയ്ക്ക് സൗജന്യമായി നൽകുവാൻ തീരുമാനിച്ചിട്ടുള്ളത്. ചട്ടങ്ങളിലെ അദ്ധ്യായം 2 പ്രകാരം സൗജന്യമായി ഭൂമി വിട്ടു നൽകുവാൻ കഴിയില്ല. വസ്തു ആർജ്ജിച്ച് ആശുപത്രി കെട്ടിടം നിർമ്മിക്കുന്നതിലൂടെ പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ട മെച്ചപ്പെട്ട ജീവിതസാഹചര്യം ലഭിക്കാതെ ഇലക്ട്രിസിറ്റി ബോർഡിന്റെ ബിൽകൗണ്ടർ നിലനിറുത്തുന്നതിനായി ഭൂമി വിട്ടു നൽകുന്നതിലെ ഔചിത്യമില്ലായ്മ ബിൽ അടവാക്കുന്നതിന് ഓൺലൈൻ സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്ന ആധുനിക കാലഘട്ടത്തിൽ വിലയിരുത്തേണ്ടതാണ്. വസ്തു കൈമാറ്റത്തിനായി സർക്കാർ അനുമതിയ്ക്കായി

ശ്രമിക്കുന്ന ഗ്രാമപഞ്ചായത്ത് വസ്തു ആർജ്ജിച്ചതു മുതലുള്ള നാൾ വഴികളിലെ വസ്തുതകൾ നിരത്തി അനുമതി തേടേണ്ടതാണ്.

ടി വസ്തു കൈമാറ്റത്തിന് സർക്കാരിൽ നിന്ന് അനുമതി വാങ്ങാൻ ഉള്ള നടപടികൾ പുരോഗമിച്ചു വരുന്നു. ഇതു സംബന്ധിച്ച ഫയൽ ഓഡിറ്റു വേളയിൽ പരിശോധിച്ചു. വസ്തു കൈമാറ്റം ചെയ്യാനുള്ള അനുമതി തേടിയതിനെ തുടർന്ന്, ടി വസ്തുവിന്റെ പ്രമാണം പഞ്ചായത്തു ഡയറക്ടർ ആവശ്യപ്പെട്ട പ്രകാരം നല്കിയിട്ടുണ്ട്.

## 1-33 ക്ഷീരസമൃദ്ധി പ്രോജക്ട് - അപാകത പരിഹരിക്കേണ്ടതാണ്

ക്ഷീരസംഘങ്ങളിൽ ക്ഷീരകർഷകർ നൽകുന്ന പാലളവിന്റെ അടിസ്ഥാനത്തിൽ ലിറ്ററിന് മൂന്ന് രൂപ നിരക്കിൽ പരമാവധി 40,000/- രൂപ സബ്സിഡി അനുവദിക്കുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. പ്രോജക്ട് പ്രകാരം 10,60,000/- രൂപ സബ്സിഡിയിനത്തിൽ ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയതിന്റെ രേഖകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും പ്രസ്തുത വ്യക്തികൾ ക്ഷീരസംഘങ്ങളിൽ എത്ര ലിറ്റർ പാൽ നല്കി എന്നത് സംബന്ധിച്ച് ക്ഷീരസംഘങ്ങൾ നൽകുന്ന പാലളവ് സ്റ്റേറ്റ്മെന്റ് സൂക്ഷിക്കുന്നില്ല. ഓഡിറ്റ് എൻക്വയറി (നം.10) നൽകിയതിനെ തുടർന്ന് നിർവ്വഹണോദ്യോഗസ്ഥൻ ലഭ്യമാക്കിയ സ്റ്റേറ്റ്മെന്റ് വെട്ടിത്തിരുത്തലുകൾ വരുത്തിയതാണ്. തുടർവർഷങ്ങളിൽ സംഘങ്ങളിൽ നിന്നും കൃത്യമായ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

വാർഡ് 2, 7, 8 എന്നീ ഗ്രാമസഭകളുടെ ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ചതിൽ മേൽപ്രോജക്ട് പ്രകാരം ആനുകൂല്യം ലഭിച്ച പുത്തൻകട ക്ഷീരസംഘത്തിലെ ശ്രീ.രാജേഷ്.എസ് (വാർഡ്- 8), ശ്രീമതി. സരിതാരാജം (വാർഡ്- 7), ശ്രീമതി. ശോഭ.എസ്. (വാർഡ്- 2) എന്നീ ഗുണഭോക്താക്കൾ ഗ്രാമസഭാലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലായെന്ന് വ്യക്തമായിട്ടുണ്ട്. ഗ്രാമസഭലിസ്റ്റിൽ ഉൾപ്പെടാത്ത ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിതിന് വിശദീകരണമാവശ്യപ്പെട്ടതിന് (എൻക്വയറി നം.10) കമ്മിറ്റി തീരുമാനപ്രകാരം അംഗീകരിച്ച് നൽകിയിട്ടുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റിൽ പ്രസ്തുത ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നുവെന്ന് നിർവ്വഹണോദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ കമ്മിറ്റി തീരുമാനത്തിൽ അടുത്ത ഗ്രാമസഭയിൽ വച്ച് അംഗീകാരം ലഭ്യമാക്കാമെന്നാണ് അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കളെ ഗ്രാമസഭയിൽ ഉൾപ്പെടുത്തി അംഗീകാരം വാങ്ങാത്തതിന് വിശദീകരണം നൽകേണ്ടതും ഭാവിയിൽ ഇത്തരം അപാകതകൾ ആവർത്തിച്ചാൽ ആയത് നിർവ്വഹണോദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതുമാണ്.

## 1-34 എ.ബി.സി. പ്രോഗ്രാം-ചെലവ് രേഖകൾ ലഭ്യമാക്കിയില്ല

പ്രോജക്ട് നം-68 /19,എ.ബി.സി പ്രോഗ്രാം.

അടങ്കൽ -1,00,800/-രൂപ (വികസന ഫണ്ട്)

ചെലവ് -1,00,800/- രൂപ

ബിൽ നം-2/18-19

നിർവഹണം-വെറ്ററിനറി സർജൻ

ഗ്രാമപഞ്ചായത്തിലെ തെരുവ്നായ പ്രശ്നം പരിഹരിക്കുന്നതിന് ഏ.ബി.സി മൈക്രോ സംരംഭ യൂണിറ്റുകളെ അംഗീകൃത ഏജൻസിയായി അംഗീകരിച്ചിട്ടുണ്ട്. ഇതിലേയ്ക്കായി കുടുംബശ്രീ ജില്ലാ മിഷന് ഒരു തെരുവ്നായയെ വന്ധീകരിക്കുന്നതിന് തീറ്റ, ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് തുടങ്ങിയവ ഉൾപ്പെടേയുള്ള ചെലവുകൾക്കായി 2,100/-രൂപ നിരക്കിൽ തുക മുൻകൂറായി കൈമാറാവുന്നതാണ്.

പദ്ധതി പ്രകാരം 1,00,800/- രൂപ പിൻവലിച്ച് കുടുംബശ്രീക്ക് നൽകിയിട്ടുണ്ട്. കുടുംബശ്രീയിൽ നിന്നും ലഭിച്ച 1,00,800/- രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയെങ്കിലും, വിശദമായ ചെലവ് വിവരങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ 9.11.2018 ലെ ആർ.സി.3/422/2017 നമ്പർ ഉത്തരവ് പ്രകാരം തെരുവ് നായകളെ പിടികൂന്നതിനായി, വേണ്ടത്ര പരിശീലനം ലഭിച്ചവരെയും പേവിഷബാധയ്ക്കെതിരെ കുത്തിവെയ്പ്പ് എടുത്തിട്ടുള്ളവരെയുമാണ് നിയോഗിച്ചിട്ടുള്ളതെന്ന് സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം നടപടിക്രമം പാലിച്ചിട്ടുണ്ട് എന്നുറപ്പാക്കാനാവശ്യമായ വിവരങ്ങൾ ലഭ്യമാക്കിയില്ല. ശസ്ത്രക്രിയ നടത്തിയതായോ, ശസ്ത്രക്രിയക്ക് ശേഷം നായകൾക്ക് വേണ്ടത്ര പരിചരണം നൽകിയതായോ, നായകളെ പിടിച്ച സ്ഥലത്ത് തന്നെ കൊണ്ട് വിട്ടിട്ടുള്ളതായോ നിർവ്വഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കിയിട്ടില്ല.

പാറശ്ശാല വെറ്ററിനറി ഹോസ്പിറ്റലിൽ വച്ചാണ് ശസ്ത്രക്രിയ നടത്തിയതെന്ന് ഓഡിറ്റ് എൻക്വയറി 13നുള്ള മറുപടിയായി അറിയിച്ചിട്ടുണ്ട്. എന്നാൽ ശസ്ത്രക്രിയ നടത്തിയ വെറ്ററിനറി സർജന്റെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, പാറശ്ശാല വെറ്ററിനറി ആശുപത്രി അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. ശസ്ത്രക്രിയ നടത്തിയ വെറ്ററിനറി സർജന്റെ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്, ആശുപത്രി അധികൃതരുടെ സാക്ഷ്യപ്പെടുത്തലുകൾ, വാക്സിനേഷനുള്ള മരുന്നുകൾ വാങ്ങിയ ബില്ലുകൾ, തെരുവ് നായകളെ പിടിച്ചവർ പരിശീലനം നേടിയിട്ടുള്ളവരാണെന്ന് ഉറപ്പാക്കുന്ന രേഖകൾ എന്നിവയുടെ അഭാവത്തിൽ പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നുറപ്പാക്കാനായിട്ടില്ല.

പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കുന്നതിനാവശ്യമായ വിവരങ്ങൾ ഓഡിറ്റിന് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ വർക്കിംഗ് ഗ്രൂപ്പ് തലത്തിലും സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിലും പദ്ധതി മോണിറ്റർ ചെയ്തിട്ടില്ല.പദ്ധതി നിർവ്വഹിച്ചതിനാധാരമായ മുഴുവൻ രേഖകളും ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# 1-35 വെറ്ററിനറി സർജൻ നിർവ്വഹിച്ച പദ്ധതികൾ-പർച്ചേയ്സ് കമ്മിറ്റിരൂപീകരിച്ചിട്ടില്ല.

2018-19 ൽ വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി ആട് വളർത്തൽ, പശു വാങ്ങൽ പദ്ധതികൾക്കായി തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ

| | | | |
|---|---|---|---|

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് |
|---|---|---|---|
| 1 | 66/18-19 ആട് വളർത്തൽ (ജനറൽ) | 4,80,000/- (4,75,450/- വികസന ഫണ്ട് 4,550/- തനത് ഫണ്ട്) | 4,80,000/- |
| 2 | 90/18-19 ആട് വളർത്തൽ (എസ്സ്.സി) | 3,96,000/- (3,93,000/- വി.ഫ. (എസ്.സി.പി), 3,000/- തനത് ഫണ്ട്) | 3,96,000/- |
| 3 | വനിതകൾക്ക് പശു വളർത്തൽ | 15,00,000/- (വികസന ഫണ്ട്) | 12,20,000/- |

സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്.)22/2018/ത.സ്വ.ഭ.വ തീയതി 14.2.2018 പ്രകാരം വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൻ ചെയർമാനായും വെറ്ററിനറി സർജൻ കൺവീനറായും ഗുണഭോക്താക്കളിൽ നിന്നും 5 പേർ അംഗങ്ങളുമായിട്ടുള്ള കമ്മിറ്റിയാണ് ആട്/പശുക്കളെ വാങ്ങേണ്ടത്. ഗ്രാമപഞ്ചായത്തിൽ പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19) ലഭ്യമാക്കിയ മറുപടിയിൽ പർച്ചെയ്സ് കമ്മിറ്റി രൂപീകരിച്ചതിന്റെയും അംഗങ്ങളുടെയും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. തുടർ വർഷങ്ങളിൽ പർച്ചെയ്സ് കമ്മിറ്റി രൂപീകരിക്കേണ്ടതും കമ്മിറ്റി യോഗം ചേർന്ന് വാങ്ങലുകൾ നടത്തേണ്ടതും യോഗ നടപടികൾ മിനിട്സായി സൂക്ഷിക്കേണ്ടതുമാണ്.

# 1-36 കൃഷിഓഫീസർ നിർവ്വഹണം നടത്തിയ പ്രോജക്ടുകൾ-പൊതുഅപാകതകൾ

(i). ഗ്രോബാഗ് വിതരണം കൈപ്പറ്റ് വിവരം രേഖപ്പെടുത്തിയിട്ടില്ല

പ്രോജക്ട് നം. - 39/19

അടങ്കൽ - 2,10,000/-

ചെലവ് - 1,86,000/-

ഒരു ഗുണഭോക്താവിന് 25 എണ്ണം എന്ന കണക്കിൽ 124 പേർക്ക് ഗ്രോബാഗ് വിതരണം ചെയ്യാനാണ് തുക ചെലവഴിച്ചിട്ടുള്ളത്. അക്വിറ്റൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന 6 ഗുണഭോക്താക്കൾ നാളിതുവരെ ഗ്രോബാഗ് കൈപ്പറ്റിയിട്ടില്ല.

1. ശ്രീ.ജെയിൻ ഹെലൻമൊറായിസ് (വാർഡ്-12)
2. ശ്രീമതി. ആർ.ആർ.ബിന്ദു (വാർഡ്-12)
3. ശ്രീമതി. എൻ.കെ.ഓമന (വാർഡ്- 3)
4. ശ്രീമതി. ഷൈലജ.സി (വാർഡ്- 1)
5. ശ്രീമതി. അമ്പിളി.വി (വാർഡ്- 1)

6. ശ്രീമതി. വത്സല. എം. (വാർഡ്- രേഖപ്പെടുത്തിയിട്ടില്ല)

അപാകതയ്ക്ക് വിശദീകരണമാവശ്യപ്പെട്ടതിന് പ്രസ്തുത ഗുണഭോക്താക്കളുടെ ഒപ്പ് രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നാണ് നിർവ്വഹണോദ്യോഗസ്ഥ മറുപടി നൽകിയിട്ടുള്ളത്. പദ്ധതി ആനുകൂല്യം കൃത്യമായും ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുവെന്ന് ബന്ധപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതും, അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

(ii). രസീത്ബുക്കിൽ ഡബിൾ സൈഡഡ് കാർബൺ ഉപയോഗിക്കുന്നില്ല

2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങളിലെ ചട്ടം 20 പ്രകാരം രസീത്ബുക്കിലെ രേഖപ്പെടുത്തലുകൾക്ക് ഡബിൾസൈഡഡ് കാർബൺ ഉപയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കൃഷി ഓഫീസർ ഗുണഭോക്തൃവിഹിതം പിരിക്കുന്നതിനായി ഉപയോഗിച്ച 21937 നമ്പർ രസീത് ബുക്കിലെ രസീത് നം.31 മുതൽ 38 വരെയുള്ളവയിൽ ഡബിൾസൈഡഡ് കാർബൺ ഉപയോഗിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-37 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ. (എം.എസ്)നമ്പർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിവേണം റോഡ് പ്രവൃത്തികൾ ഏറ്റെടുക്കേണ്ടത്. റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2/10.12.2019) 'R track' ഉപയോഗിച്ച് റോഡ് മാപ്പ് തയ്യാറാക്കിയതായും എന്നാൽ പ്രസ്തുത മാപ്പ് KSREC ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടില്ലായെന്നും മറുപടി ലഭ്യമാക്കി. റോഡ് കണക്ടിവിറ്റി മാപ്പ് ലഭ്യമാക്കി റോഡ് വികസനം അതിന്റെ അടിസ്ഥാനത്തിൽ നിർവഹിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 വൈദ്യുതീകരണ പ്രവൃത്തികൾ - അപാകതകൾ

എ) വൈദ്യുതീകരണ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, ബിൽ തയ്യാറാക്കൽ, സൂപ്പർവിഷൻ എന്നിവയ്ക്കായി ഇലക്ട്രിക്കൽ എഞ്ചിനീയർക്ക് 3% ചാർജ്ജും, പ്രവൃത്തിയുടെ അളവുകൾ ചെക്ക് മെഷർ ചെയ്യുന്നതിലേക്ക് 1% ചാർജ്ജും പ്രവൃത്തി മൂല്യത്തിനുമേൽ അനുവദനീയമാണ്. ഗ്രാമപഞ്ചായത്ത് വിവിധ വൈദ്യുതീകരണ പ്രവൃത്തികളുടെ ബിൽ തുക പാസ്സാക്കി നൽകിയപ്പോൾ മേൽ പ്രകാരമുള്ള ചാർജ്ജുകളുൾപ്പെടെയുള്ള തുക കരാറുകാരന് അനുവദിച്ചിരിക്കുന്നു. ഉദാഹരണമായി പ്രോ. നം.145/19 കൈവൻ വിള കഴിവൂർ കുടിവെള്ള പദ്ധതിയുടെ വൈദ്യുതീകരണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ, സൂപ്പർവിഷൻ, ബിൽ തയ്യാറാക്കൽ എന്നിവയ്ക്കായി ശ്രീ. ജിഷ്ണു. ആർ.ആർ.ന് അനുവദിച്ച 7,390/- രൂപയും, ചെക്ക് മെഷർ ചെയ്യുതിലേക്കായി ശ്രീ. ജിൻസൺ ന് അനുവദിച്ച 2,463/- രൂപയും പ്രവൃത്തിയുടെ കരാറുകാരനായ ശ്രീ. സി. സെൽവകുമാറിന്റെ അക്കൗണ്ടിലേക്കാണ് അനുവദിച്ചിട്ടുള്ളത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (27/16.12.2019) അപാകത ഭാവിയിൽ ഒഴിവാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കി. ഇലക്ട്രിക്കൽ കരാറുകാരൻ മുഖാന്തിരം നിർവഹിച്ച മറ്റു പ്രവൃത്തികളിലും എസ്റ്റിമേറ്റ്/ബിൽ തയ്യാറാക്കൽ, ചെക്ക്മെഷർമെന്റ് എന്നിവയ്ക്കുള്ള തുകയും കരാറുകാരന്റെ അക്കൗണ്ടിലേക്കാണ് അനുവദിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ്/ബിൽതയ്യാറാക്കൽ, ചെക്ക്മെഷർമെന്റ് എന്നിവയ്ക്കുള്ള തുകകൾ ബന്ധപ്പെട്ട എഞ്ചിനീയറുടെ അക്കൗണ്ടിലേക്കു തന്നെ കൈമാറുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ബി) പ്രോ. നം. 148/19 മലിനംകുളത്തു നിന്നും ജലം പമ്പു ചെയ്യുന്നതിന് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതിയിൽ 72,000/- രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എന്നാൽ ഇതിലേക്കായി ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചതിനോ, ഇലക്ട്രിക്കൽ ലൈസൻസുള്ള കരാറുകാരൻ മുഖാന്തിരം പ്രവൃത്തി നിർവഹിച്ചതിനോ ഉള്ള രേഖകൾ ഫയലിൽ ലഭ്യമല്ല. വൈദ്യുതീകരണമുൾപ്പെടെയുള്ള മുഴുവൻ പ്രവൃത്തിയുടെയും ബിൽ തുകയായ 3,74,855/- രൂപയും നികുതി കിഴിച്ച ശേഷം സിവിൽ കരാറുകാരനായ ശ്രീ. എസ്. രഘുവിനാണ് നൽകിയിരിക്കുന്നത്. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.33/17.12.2019) പ്രവൃത്തിയുടെ നിർവഹണത്തിനിടയിൽ വൈദ്യുതീകരണ പ്രവൃത്തികൾ ചെയ്യേണ്ട അടിയന്തിര സാഹചര്യം ഉണ്ടായതിനാൽ ഇലക്ട്രിക്കൽ ലൈസൻസ് ഉള്ള വ്യക്തിയെകൊണ്ട് പ്രവൃത്തി ചെയ്യിച്ച്, ഇലക്ട്രിക്കൽ എഞ്ചിനീയർ ബില്ലുകൾ തയ്യാറാക്കുകയാണുണ്ടായത് എന്നു മറുപടി ലഭ്യമാക്കി. എന്നാൽ ഇതു സംബന്ധിച്ച രേഖകൾ- പ്രവൃത്തി ചെയ്ത വ്യക്തിയുടെ ലൈസൻസ് തുടങ്ങിയ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഇത്തരം അപാകതകൾ ഒഴിവാക്കേണ്ടതാണ്.

# 1-39 നീക്കം ചെയ്ത സാധന സാമഗ്രികളിന്മേലുള്ള തുടർനടപടികൾ വ്യക്തമല്ല

പ്രോജക്ട് നം.76/19 ബഡ്സ് സ്കൂൾ നവീകരണം പദ്ധതിയുടെ എം ബുക്കിൽ (നം.135/18-19) പ്രവൃത്തി ഇനം 1 പ്രകാരം 21.12 ച.മീ. ജി.എസ്. ഷീറ്റ് ഇളക്കിമാറ്റിയ ശേഷം പ്രവൃത്തി ഇനം 3 പ്രകാരം 22.55 ച.മീ. വിസ്തീർണത്തിൽ ജി.ഐ. ഷീറ്റ് സ്ഥാപിച്ച് പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഇളക്കി മാറ്റിയ ഷീറ്റുകൾ എന്തു ചെയ്തുവെന്ന് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/17.12.2019) ഇളക്കിമാറ്റിയ ഷീറ്റുകൾ ഉപയോഗപ്രദമായിരുന്നില്ലായെന്നും, പ്രവൃത്തി സൈറ്റിൽ ഇവ സ്റ്റാക്ക് ചെയ്തിട്ടുണ്ടെന്നും, ഇതു സംബന്ധിച്ച വിവരങ്ങൾ എം ബുക്കിൽ രേഖപ്പെടുത്താൻ വിട്ടുപോയതാണെന്നും മറുപടി ലഭ്യമാക്കി.

പൊതുമരാമത്ത് മാനുവൽ (G.O.(P)No.13/2012/PWD തീയതി 01.02.2012) സെക്ഷൻ 2919.3 പ്രകാരം ഇളക്കി മാറ്റിയ സാധനങ്ങൾ നിശ്ചിത മാതൃകയിൽ അക്കൗണ്ട് ചെയ്യേണ്ടതും, പുനരുപയോഗിക്കാവുന്ന സാധനങ്ങൾ ഉപയോഗപ്രദമാക്കേണ്ടതാണെന്നും, മറ്റുള്ളവ ഭൗതിക പരിശോധന നടത്തി പൊതുലേലം നടത്തേണ്ടതാണെന്നും നിഷ്കർഷിക്കുന്നു. മേൽ പദ്ധതി പ്രകാരം നീക്കം ചെയ്യപ്പെട്ട സാധനങ്ങൾ ഉപയോഗപ്രദമല്ലാത്ത പക്ഷം അവ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, വിശദാംശങ്ങൾ ഓഡിറ്റിനു ലഭ്യമാക്കേണ്ടതുമാണ്.

# 1-40 14.84 ലക്ഷം രൂപ മുടക്കിയിട്ടും മെറ്റീരിയൽ റിക്കവറി സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

അജൈവഖരമാലിന്യ സംസ്കരണത്തിനായി പദ്ധതി തുക വിനിയോഗിച്ച് ഗ്രാമപഞ്ചായത്ത് ഷ്രെഡ്ഡിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കുകയും, എം.ആർ.എഫ്. ഷെഡ് നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. മേൽ ആവശ്യങ്ങൾക്കായി ഇതുവരെയായി ഗ്രാമപഞ്ചായത്ത് 14,84,191/- രൂപ വിനിയോഗിച്ചിട്ടുണ്ട്. ചെലവു വിശദാംശങ്ങൾ ചുവടെ.

| പദ്ധതി വർഷം | പ്രോജക്ട് നം, പ്രോജക്ടിന്റെ പേര് | പദ്ധതി അടങ്കൽ / ചെലവു തുക ഫണ്ടിനം | നിർവഹണാധികാരി |
|---|---|---|---|

| | | | |
|---|---|---|---|
| 2017-18 | 43/18, ഗവ. ആയുർവേദ മർമ്മാശുപത്രിയിൽ എം.ആർ.എഫ്. ഷെഡ് നിർമ്മാണം | 188000 / 157956<br>മെയിന്റനൻസ് റോഡിതരം | അസി. എഞ്ചിനീയർ |
| 2017-18 | 193/18, പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ | 500000 / 500000 ധനകാര്യ കമ്മിഷൻ അവാർഡ് | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 2018-19 | 149/19, എം.ആർ.എഫ്. ഷെഡ് ബാക്കി ഭാഗം നിർമ്മാണം | 724800 / 707312 ധനകാര്യ കമ്മിഷൻ അവാർഡ് | അസി. എഞ്ചിനീയർ |
| 2019-20 | 289/20, എം.ആർ.എഫ്. ഷെഡ് നിർമ്മാണം പൂർത്തീകരിക്കൽ (വൈദ്യുതീകരണം) | 120000 / 118923 ധനകാര്യ കമ്മിഷൻ അവാർഡ് | അസി. എഞ്ചിനീയർ |
| ആകെ ചെലവ് | | 14,84,191/- | |

2019-20 സാമ്പത്തിക വർഷത്തിൽ മെറ്റീരിയൽ റിക്കവറി സെന്ററിന്റെ പ്രവർത്തനത്തിനായി ഹരിതകർമ്മസേന രൂപീകരിക്കുകയും, സേനയുടെ പ്രവർത്തനങ്ങൾക്കായി 71,500/- രൂപ അടങ്കൽ വകയിരുത്തി പദ്ധതി ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് തീയതി വരെയും മെറ്റീരിയൽ കളക്ഷൻ ആരംഭിക്കുകയോ, മാലിന്യ സംസ്കരണത്തിനായി വാങ്ങിയിട്ടുള്ള ഷ്രെഡിംഗ് മെഷീൻ പ്രവർത്തിപ്പിച്ച് ഉപയോഗ പ്രദമാക്കുകയോ ചെയ്തിട്ടില്ല. പദ്ധതി തുക വിനിയോഗിച്ച് 2017-18 ൽ വാങ്ങിയ ഉപകരണവും, ഇതിലേക്കായി നിർമ്മിക്കപ്പെട്ട കെട്ടിടവും നിഷ്ക്രിയമായി അവശേഷിക്കുന്നു.

മാലിന്യ സംസ്കരണത്തിനായി മേൽ പ്രകാരം തുക വിനിയോഗിച്ചിട്ടുള്ളതല്ലാതെ മാലിന്യ ശേഖരണത്തിനും, തുടർ പ്രവർത്തനങ്ങൾക്കുമായി യാതൊരു നടപടിയും ഗ്രാമപഞ്ചായത്ത് സ്വീകരിച്ചു കാണുന്നില്ല. ദീർഘകാലമായി ഉപകരണങ്ങൾ പ്രവർത്തനരഹിതമായി സൂക്ഷിക്കുന്നത്, അവയുടെ കാര്യക്ഷമതയെ ബാധിച്ചേക്കാവുന്നതും, വാറന്റി, സൗജന്യ സർവീസ് തുടങ്ങിയ ആനുകൂല്യങ്ങൾ നഷ്ടമാകുന്നതിനുമിടയാകും. എം. ആർ.എഫ്. സെന്റർ പ്രവർത്തനം ആരംഭിക്കാത്തതു സംബന്ധിച്ച് സെക്രട്ടറിക്കു നൽകിയ ഓഡിറ്റ് അന്വേഷണത്തിനു (നം.32/17.12.2019) മറുപടി ലഭ്യമാക്കിയില്ല.

എം.ആർ.എഫ്. ഷെഡിനു മാർഗ്ഗ തടസ്സം സൃഷ്ടിച്ചു കൊണ്ടു നിർമ്മിച്ചു കൊണ്ടിരിക്കുന്ന പുതിയ നിർമ്മാണവും, എം.ആർ.എഫ്. സെന്ററിന്റെ പ്രവർത്തനങ്ങൾക്കു വിഘാതം സൃഷ്ടിച്ചേക്കാം. പലവർഷങ്ങളിലായി ഗ്രാമപഞ്ചായത്ത് നടത്തി വരുന്ന വിവിധ പദ്ധതികൾ പാഴ്ചെലവായി മാറുന്നതായാണ് ബോധ്യമാകുന്നത്. ആയതിനാൽ പദ്ധതി തുകയിനത്തിൽ 14,84,191/- രൂപ വിനിയോഗിച്ച ശേഷവും പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ ഗ്രാമപഞ്ചായത്തിനായിട്ടില്ല. എം.ആർ.എഫ്. സംവിധാനം പ്രവർത്തനക്ഷമമാക്കേണ്ടതും പദ്ധതിയുടെ പ്രയോജനം പഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കി പദ്ധതി ലക്ഷ്യം പൂർത്തീകരിക്കേണ്ടതുമാണ്.

# 1-41 ഹോളോ ബ്രിക്സ് നിർമ്മാണ യൂണിറ്റ് - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

24.9.2018 ലെ 137/2018/ ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൻ പ്രകാരം 2018-19 ൽ ഹോളോ ബ്രിക്സ് നിർമ്മാണത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണ യൂണിറ്റ് തുടങ്ങിയിട്ടുണ്ട്. 14,000/- രൂപ മാസവാടക നിശ്ചയിച്ച് തമ്പീസ് ഹോളോബ്രിക്സ് എന്ന

സ്ഥാപനത്തിൽ 11 മാസത്തേക്ക് നിർമ്മാണയൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് 29.01.2019 ൽ കരാറിലേർപ്പെടുകയും 1,00,000/- രൂപ സ്ഥാപനത്തിന് അഡ്വാൻസായി നൽകുകയും ചെയ്തിട്ടുണ്ട് (വൗച്ചർ നം.21801046/4.2.2109 ചെക്ക് നം.372071/4.2.2019 ) പഞ്ചായത്ത് കമ്മിറ്റിയുടെ 12-5(b)/26.4.19-ാം നമ്പർ തീരുമാനം പ്രകാരം സിമന്റ് ബ്ലോക്ക് നിർമ്മാണ യൂണിറ്റിലേക്ക് ഗുണഭോക്താവിൽ നിന്നും ഈടാക്കുന്ന തുക നിക്ഷേപിക്കുന്നതിനായി ഫെഡറൽ ബാങ്കിൽ ജോയിന്റ് അക്കൗണ്ട് (അക്കൗണ്ട് നമ്പർ 12140200003218) തുടങ്ങി. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 2018-19 സാമ്പത്തികവർഷം 7000 ഹോളോ ബ്രിക്സുകൾ നിർമ്മിച്ച് 18 ലൈഫ് ഗുണഭോക്താക്കൾക്ക് നൽകിയിട്ടുള്ളതിന്റെ രേഖകൾ സൂക്ഷിച്ചിട്ടുണ്ട്. ഒരു ബ്രിക്കിന് 10 രൂപ നിരക്കിൽ 17ഗുണഭോക്താക്കൾക്ക് 400 കട്ടകളും ഒരു ഗുണഭോക്താവിന് 200 കട്ടകളുമാണ് വിതരണം ചെയ്തിട്ടുള്ളത്. സ്റ്റോക്ക്/വിതരണ രജിസ്റ്റർ പ്രകാരം 24.03.2019 മുതൽ സിമന്റ് ബ്ലോക്കുകൾ വിതരണം ചെയതതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (കൃത്യമായ വിതരണ തീയതി രേഖപ്പെടുത്തിയിട്ടില്ല) എന്നാൽ ഇതിൽ നിന്നും ലഭിച്ച തുകയായ 70,000/- രൂപ 16.5.19 ലാണ് ബാങ്ക് അക്കൗണ്ടിലേക്ക് വരവായി വന്നിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്നും ഈടാക്കിയ തുകക്ക് രസീത് നൽകിയിട്ടില്ല. 2019-2020 ലും തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി 7000 കട്ടകൾ നിർമിച്ചിട്ടുണ്ട്. വിതരണ രജിസ്റ്റർ പ്രകാരം 18 ഗുണഭോക്താക്കൾക്ക് 6600 എണ്ണം മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. (ഇതിൽ 5 ഗുണഭോക്താക്കൾ കട്ടകൾ കൈപറ്റിയതായി ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല). എങ്കിലും 7000 കട്ടയ്ക്ക് ഈടാക്കിയ വിലയായ 70,000/- രൂപ 5 തവണകളിലായി അക്കൗണ്ടിൽ വന്നിട്ടുണ്ട്.(ഓഡിറ്റ് സമയത്ത് അക്കൗണ്ടിൽ 1,40,000/-രൂപ നീക്കിയിരിപ്പുണ്ട്). വിതരണ രജിസ്റ്റർ പ്രകാരം ഗുണഭോക്താക്കളിൽ നിന്നും ലഭിച്ച തുക, തീയതി എന്നിവ ബാങ്ക് പാസ്സ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

| വിതരണ രജിസ്റ്റർ | ബാങ്ക് സ്റ്റേറ്റ്മെന്റ് |
|---|---|
| 6.6.19 – 20,000/-<br>7.6.19 - 18,000/-<br>8.6.19 – 20,000/-<br>15.6.19 – 8,000/- | 7.6.19 –20,000/-<br>10.6.19 –26,000/-<br>15.6.19 - 12,000/-<br>17.6.19 –8,000/-<br>3.7.19 – 4,000/- |
| ആകെ 66,000/- | ആകെ 70,000/- |

ഗുണഭോക്താക്കളിൽ നിന്നും പണം സ്വീകരിച്ചതിനാധാരമായ രസീത് ബുക്ക് ലഭ്യമാക്കാത്തിനാൽ പ്രസ്തുത തുക എപ്രകാരമാണ് ലഭിച്ചതെന്നും ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ടോയെന്നും ഉറപ്പാക്കാനായിട്ടില്ല. സർക്കാർ ഉത്തരവ് പ്രകാരം നിലവിൽ നിർമ്മാണ യൂണിറ്റ് പ്രവർത്തിക്കുന്നില്ല. (ഓഡിറ്റ് എൻക്വയറി 38, 21).

നിർമ്മാണയൂണിറ്റ് നിലവിൽ പ്രവർത്തിക്കാത്തതിനാൽ ഇതിലേക്കായി ഫെഡറൽ ബാങ്കിൽ ആരംഭിച്ച ജോയിന്റ് അക്കൗണ്ട് ക്ലോസ് ചെയ്ത് നീക്കിയിരിപ്പ് തുക തനത് അക്കൗണ്ടിൽ

മുതൽക്കൂട്ടേണ്ടതും തമ്പീസ് ഹോളോ ബ്രിക്സ് യൂണിറ്റിന് നൽകിയ അഡ്വാൻസ് തുക തിരികെ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഗ്രാമപഞ്ചായത്തിൽ 2018-19ൽ 102 ഗുണഭോക്താക്കൾക്കാണ് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിന് ധനസഹായം നല്കിയിട്ടുള്ളത്. സർക്കാർ നിർദ്ദേശ പ്രകാരം ആവശ്യമുള്ള നിർമ്മാണ സാമഗ്രികളുടെ എണ്ണത്തിനനുസരിച്ച് ആക്ഷൻ പ്ലാൻ തയ്യാറാക്കാത്തതിനാൽ പദ്ധതിയുടെ പ്രയോജനം എല്ലാ ഗുണഭോക്താക്കൾക്കും എത്തിക്കാൻ ഗ്രാമ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. ലൈഫ് ഗുണഭോക്താക്കൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതിന് വേണ്ട നടപടികൾ മോണിറ്ററിംഗ് ചുമതലയുള്ള വി.ഇ.ഒ. നിർവ്വഹിച്ചിട്ടില്ല.

# 1-42 ഭവനനിധി രൂപികരിച്ചിട്ടില്ല

സമ്പൂർണ പാർപ്പിട സുരക്ഷ പദ്ധതി (ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം. സ.ഉ.151/2017 തീ.31.7.17-ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. എന്നാൽ ഗ്രാമ പഞ്ചായത്തിൽ ഇത്തരത്തിൽ ഭവനനിധി രൂപീകരിച്ചിട്ടില്ല.

സർക്കാർ നിർദ്ദേശ പ്രകാരം ഭവനനിധി രൂപീകരിക്കേണ്ടതും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ എന്നിവരിൽ നിന്നും ഭവനനിധിക്കായി സംഭാവന സ്വീകരിക്കാവുന്നതാണ്.

# 1-43 ലൈഫ് ഗുണഭോക്തൃ തെരഞ്ഞെടുപ്പ്-വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 22.12.2017 ലെ 472ഐ.എ1/2017/ ത.സ്വ.ഭ.വ സർക്കുലർ, 31.07.2017 ലെ സ.ഉ(സാധാ) 151/2017 എന്നിവ പ്രകാരം ലൈഫ് ഭവന പദ്ധതി പ്രകാരം ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിന് മാർഗ്ഗരേഖ നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിലെ ലൈഫ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തിന്റെ പൂർണമായ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പിലെ സുതാര്യത ഉറപ്പാക്കാനായിട്ടില്ല.

1.സർക്കുലർ പ്രകാരം CDS ചെയർപേഴ്സൺ, ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് കരട് ഗുണഭോക്തൃലിസ്റ്റ് സമർപ്പിക്കേണ്ടതും പ്രസ്തുത ലിസ്റ്റ് നോട്ടീസ് ബോർഡിലും അംഗൻവാടികളിലും പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. എന്നാൽ ഓഡിറ്റ് പരിശോധനയ്ക്കായി കരട് ലിസ്റ്റ് ലഭ്യമാക്കിയില്ല.

2.കരട് പട്ടികയിന്മേലുള്ള അപ്പീലുകൾ പുന പരിശോധന നടത്തുന്നതിനായി ഗ്രാമ പഞ്ചായത്ത് തലത്തിൽ ഉദ്യോഗസ്ഥരെ നിയോഗിച്ചെങ്കിലും അപ്പീലിന്മേലുള്ള വിശദമായ പരിശോധനാ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3.അന്തിമ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബത്തിന്റെ ആരോഗ്യ ഘടകത്തിന്റ മൂല്യം നിശ്ചയിക്കുന്നതിനായി ഗവ.മെഡിക്കൽ ഓഫീസറുടെ സാന്നിദ്ധ്യത്തിൽ മെഡിക്കൽ ക്യാമ്പ്

നടത്തിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല

4.പദ്ധതി രേഖ കമ്മിറ്റി അംഗീകരിച്ച് ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ അറിവിലേയ്ക്കായി 31.1.2018 ന് മുൻപ് നൽകേണ്ടതാണ്. എന്നാൽ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയില്ല.

മേൽ സാഹചര്യത്തിൽ ലൈഫ് പദ്ധതി പ്രകാരമുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പിൽ സർക്കാർ നിർദ്ദേശം പാലിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കാനായിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. കരട് ലിസ്റ്റിൽ നിന്നും ഒഴിവാക്കിയവരുടെയും പുതുതായി ഉൾപ്പെടുത്തിയവരുടെയും വിശദാംശങ്ങൾ ഉൾപ്പെടെ ഗുണഭോക്തൃ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് പൂർണമായ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

## 1-44 ആശ്രയ പദ്ധതി- നടപ്പിലാക്കിയിട്ടില്ല.

പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖ പ്രകാരം (സ.ഉ(കൈ) നം 11/2018/ത.സ്വ.ഭ.വ തീയതി 29.1.18 ) ആശ്രയ പദ്ധതി നിർബന്ധമായും നടപ്പിലാക്കേണ്ട പദ്ധതികളിൽ ഉൾപ്പെട്ടതാണ്. 2017-18,2018-19 വർഷങ്ങളിൽ 50,000/- രൂപ വീതം തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ചെലവുകൾ നടന്നിട്ടില്ല. ആശ്രയ ഗുണഭോക്താക്കളായി 80ലധികം ഗുണഭോക്താക്കൾ പഞ്ചായത്തിൽ നിലവിലുള്ളതായി വി.ഇ.ഒ അറിയിച്ചിട്ടുണ്ടെങ്കിലും ആശ്രയ ഗുണഭോക്താക്കളുടെ വിശദമായ ലിസ്റ്റ് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 37ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മിനിട്സിൽ 2019-20 വർഷം 25,000/- രൂപ വകയിരുത്തിയതായി രേഖപ്പെടുത്തലുകൾ ഉണ്ട്. എന്നാൽ 2017-18, 2018-19 വർഷം വകയിരുത്തിയ തുക ചെലവഴിക്കാത്തത്, ഉദ്യോഗസ്ഥതലത്തിലെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും ഇടപെടലുകൾ ഉണ്ടാകേണ്ടതാണ്.

നിലവിലെ ആശ്രയ ഗുണഭോക്തൃ ലിസ്റ്റിൽ നിന്നും സർവ്വേയിലൂടെ ആനുകൂല്യം ആവശ്യമില്ലാത്തവരെ കണ്ടെത്തി ഒഴിവാക്കി, പുതുക്കിയ ലിസ്റ്റ് തയ്യാറാക്കി അർഹരായവർക്ക് ആനുകൂല്യം നൽകി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -2
# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ
## [KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 ഇല്ല

# ഭാഗം -3
# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 ഇല്ല

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 19.06.2019, 20.06.2019 | നം.കെ.എസ്.എ.റ്റി.വി.എം. ജി.പി.3/1184/19 തീയതി 24.07.2019 |

## 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് * | 2018-19 | 391875 | സ്നേഹ സ്പർശം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 391840 | 35 |
| | | 500000 | ക്ഷീരസമൃദ്ധി | 500000 | 0 |
| | | 472732 | ലൈഫ് ഭവനപദ്ധതിക്കു തുക വകയിരുത്തൽ | 472732 | 0 |
| | | 174425 | ലൈഫ് ഭവനപദ്ധതി ഭൂമിയുള്ള ഭവന രഹിതർക്ക് എസ്.സി. | 174425 | 0 |
| | | 15000 | ജൈവ സമൃദ്ധി തരിശു ഭൂമി കൃഷി യോഗ്യമാക്കൽ | 15000 | 0 |
| | | 216000 | ജലശ്രീ (കിണർ റീചാർജ്ജിംഗ്) | 11520 | 204480 |
| | | 32000 | ജലശ്രീ (കിണർ റീചാർജ്ജിംഗ്) എസ്.സി.പി. | 4800 | 27200 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 391875 | സ്നേഹ സ്പർശം ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 391840 | 35 |
| | | 60000 | ക്ഷീരസമൃദ്ധി | 60000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 1056217 | ലൈഫ് ഭവനപദ്ധതിക്കു തുക വകയിരുത്തൽ | 1052991 | 3226 |
| | | 335281 | ലൈഫ് ഭവനപദ്ധതി ഭൂമിയുള്ള ഭവന രഹിതർക്ക് എസ്.സി. | 335281 | 0 |
| | | 98000 | വീടുകൾ ഹരിതഭവനമാക്കൽ | 98000 | 0 |
| | | 15000 | ജൈവ സമൃദ്ധി തരിശു ഭൂമി കൃഷി യോഗ്യമാക്കൽ | 15000 | 0 |
| | | 44963 | ജലശ്രീ (കിണർ റീചാർജ്ജിംഗ്) | 17280 | 27683 |
| | | 7200 | ജലശ്രീ (കിണർ റീചാർജ്ജിംഗ്) എസ്.സി.പി. | 7200 | 0 |

* സംയുക്ത പദ്ധതിക്കായി ലഭിച്ച് – ബ്ലോക്ക് വിഹിതത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള 2,00,000/-രൂപയ്ക്ക് ഗ്രാമപഞ്ചായത്ത് പദ്ധതികൾ ആവിഷ്കരിച്ചിരുന്നില്ല.

## 4-3 നിക്ഷേപ പ്രവൃത്തികൾക്കു നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്.ഇ.ബി | കാണവിള കോളനി മുതൽ ചിദംബരം ജംഗ്ഷൻ വരെ പോസ്റ്റ് ഷിഫ്റ്റിംഗ് & ലൈൻ എക്സ്റ്റൻഷൻ | 73502 | - | 73502 |
| 2 | കെ.എസ്.ഇ.ബി | 13-ാം വാർഡിൽ ശ്രീ മാതൃദേവീ ക്ഷേത്രം വലിയവിള ചാനൽ റോഡ് പോസ്റ്റ് ഷിഫ്റ്റിംഗ് | 31000 | - | 31000 |
| 3 | കെ.എസ്.ഇ.ബി | കാഞ്ഞിരംകുളം ജംഗ്ഷൻ നവീകരണവുമായി ബന്ധപ്പെട്ട് ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ | 335313 | - | 335313 |
| 4 | കെ.എസ്.ഇ.ബി | വിൽസൻ മെമ്മോറിയൽ റോഡ് പോസ്റ്റ് ഷിഫ്റ്റിംഗ് & ലൈൻ എക്സ്റ്റൻഷൻ | 24888 | - | 24888 |
| 5 | കെ.ഡബ്ല്യു.എ. | 10-ാം വാർഡിൽ ചീനി വിളയിൽ നിന്നും ലൂർദ്ദുപുരം ജംഗ്ഷൻ വരെ പൈപ്പ് ലൈൻ എക്സ്റ്റൻഷനും വാട്ടർ പൈപ്പ് സ്ഥാപിക്കലും | 136000 | - | 136000 |
| 6 | കെ.ഡബ്ല്യു.എ. | മാവിള കോളനി കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 130000 | - | 130000 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവനപദ്ധതി | സ.ഉ. (സാധാ) നം.275/2010 തസ്വഭവ തീയതി 27.01.2010 | 9067500 | 1335558 | - | - | 1335558 |
| കെ.യു.ആർ.ഡി.എഫ്.സി. | സ.ഉ. (എം.എസ്) നം. 68/18 തസ്വഭവ തീയതി 18.05.2018 | 13418571 | - | - | - | 13418571 |

## 4-6 സ്ഥിരനിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഇല്ല

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

ലഭ്യമായില്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 7,73,44,208/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 7,82,40,064/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | ഇല്ല |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഇല്ല

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സപ്പെടുത്തലിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|

| | | | |
|---|---|---|---|
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.3/1400/2018<br>തീയതി.16.06.2018 | 2 | |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ ജി.പി.3/1400/2018<br>തീയതി.16.06.2018 | 1 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2275/11<br>തീയതി.23.11.2011 | 3 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.3/2276/11<br>തീയതി.11.12.2012 | 4 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.3/<br>തീയതി.21.04.2013 | 6 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.3/589/14<br>തീയതി.26.04.2014 | 11 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1488/14<br>തീയതി.27.10.2014 | 9 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/39/15<br>തീയതി.19.12.2015 | 16 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1087/16<br>തീയതി.30.07.2016 | 9 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2061/16<br>തീയതി.01.12.2016 | 22 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1836/2017<br>തീയതി.08.09.2017 | | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.3/2591/2018<br>തീയതി.16.02.2019 | | |

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# <u>അനുബന്ധം -1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന അപാകതകൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാഞ്ഞിരംകുളം ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്

R.19.6.20